# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി4-121/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 07/07/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി4-121/22 തീയ്യതി: 07/07/2022

## എറണാകുളം ജില്ലയിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2020 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കെ.എ.ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 10-01-2022 | 21-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-01-2022 | 21-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.വിജയകുമാർ.എൻ. ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീ.ജോസഫ് ജോർജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.വിജു.എം.എസ് ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.മുഹമ്മദ് ഷാഫി വി എം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി നീതു അന്ന | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി വിമലാദേവി എ ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 25-04-2019 |
| ശ്രീ സി മണികണ്ഠൻ | സെക്രട്ടറി | 26-04-2019 | 27-11-2019 |
| ശ്രീ എൽ എക്സ് വർഗീസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-11-2019 | 28-11-2019 |
| ശ്രീ ഷാജൻ എ വി | സെക്രട്ടറി | 29-11-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ശരത് ബി ജോഷി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 14-11-2019 |
| ശ്രീ ബിജി പി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 14-11-2019 | 31-03-2020 |
| ശ്രീ ബെഷി വി ജി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. സെറിൻ കുര്യാക്കോസ് | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി.) | 01-04-2019 | 31-03-2020 |
| ഡോ. ദീപ്തി എസ് ആർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ. അമ്പിളി കെ എസ് | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ. ജോമോൻ ചെറിയാൻ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി മോളി കെ പി | ഹെഡ് മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീമതി നസീമ കെ ഇ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ ഗോപകുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 28-06-2019 |
| ഒഴിവ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 29-06-2019 | 07-08-2019 |
| ശ്രീ സുനിൽകുമാർ എം ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 08-08-2019 | 31-03-2020 |
| ശ്രീ സുമേഷ് എ വി | വി ഇ ഒ ചുള്ളി | 01-04-2019 | 06-07-2019 |
| ഒഴിവ് | വി ഇ ഒ ചുള്ളി | 07-07-2019 | 07-07-2019 |
| ശ്രീമതി ലിഷ | വി ഇ ഒ ചുള്ളി | 08-07-2019 | 11-12-2019 |
| ശ്രീ നജീബ് റ്റി എസ് | വി ഇ ഒ ചുള്ളി | 12-12-2019 | 31-03-2020 |
| റെജി റ്റി ആർ | വി ഇ ഒ അയ്യമ്പുഴ | 01-04-2019 | 07-07-2019 |

| | | | |
|---|---|---|---|
| ജോയ്സി കെ ജെ | വി ഇ ഒ അയ്യമ്പുഴ | 08-07-2019 | 16-09-2019 |
| ഒഴിവ് | വി ഇ ഒ അയ്യമ്പുഴ | 17-09-2019 | 13-10-2019 |
| ശ്രീ മുകൾ എസ് വി | വി ഇ ഒ അയ്യമ്പുഴ | 14-10-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Viju M S (Senior Grade Auditor, On 17-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 05-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Joseph George (Senior Grade Auditor, On 18-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 05-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Joseph George (Senior Grade Auditor, On 18-01-2022)<br>Last Updated By: Hareesh Babu .N (Asst. Audit Officer, On 05-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Joseph George (Senior Grade Auditor, On 18-01-2022)<br>Last Updated By: Bindu L (Computer Assistant, On 04-07-2022) | 1-3 |
| 5 | ഫണ്ട് വിശകലനം<br>Written By: Joseph George (Senior Grade Auditor, On 18-01-2022)<br>Last Updated By: E R Soudamani (Office Superintendent, On 06-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Joseph George (Senior Grade Auditor, On 18-01-2022)<br>Last Updated By: Asad N.E (Computer Assistant, On 06-07-2022) | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: Joseph George (Senior Grade Auditor, On 18-01-2022)<br>Last Updated By: Bindu L (Computer Assistant, On 04-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Joseph George (Senior Grade Auditor, On 18-01-2022)<br>Last Updated By: Asad N.E (Computer Assistant, On 06-07-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: N.Vijayakumar (Audit Officer (HG), On 19-01-2022)<br>Last Updated By: Asad N.E (Computer Assistant, On 06-07-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: N.Vijayakumar (Audit Officer (HG), On 19-01-2022)<br>Last Updated By: Asad N.E (Computer Assistant, On 06-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Viju M S (Senior Grade Auditor, On 22-01-2022)<br>Last Updated By: Asad N.E (Computer Assistant, On 06-07-2022) | 1-10 |
| 12 | ഗ്രാമ സഭ കൃത്യമായ ഇടവേളകളിൽ കൂടുന്നില്ല<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Asad N.E (Computer Assistant, On 06-07-2022) | 1-11 |
| 13 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല<br>Written By: N.Vijayakumar (Audit Officer (HG), On 19-01-2022)<br>Last Updated By: Asad N.E (Computer Assistant, On 06-07-2022) | 1-12 |
| 14 | തൊഴിൽ നികുതി -കൃത്യമായ രീതിയിൽ ഡിമാന്റ് ചെയ്യപ്പെടുന്നില്ല<br>Written By: Muhammed Shafi V M (Auditor, On 19-01-2022)<br>Last Updated By: Asad N.E (Computer Assistant, On 06-07-2022) | 1-13 |
| 15 | ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തുന്നില്ല-കാലഹരണപ്പെട്ട നിക്ഷേപങ്ങളുടെ വിവരം ലഭ്യമല്ല<br>Written By: N.Vijayakumar (Audit Officer (HG), On 19-01-2022)<br>Last Updated By: Asad N.E (Computer Assistant, On 06-07-2022) | 1-14 |
| 16 | സ്വാഗത ബോർഡുകൾ സ്ഥാപിച്ചതിന്റെ തുക തിരികെ ലഭ്യമാക്കിയില്ല<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Asad N.E (Computer Assistant, On 06-07-2022) | 1-15 |
| 17 | പെൻസിൽ മെന്റേഴ്സ് പ്രോഗ്രാം- കിലയിൽ നിന്ന് തുക ലഭ്യമാക്കിയില്ല | 1-16 |

| | | |
|---|---|---|
| | Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Asad N.E (Computer Assistant, On 07-07-2022) | |
| 18 | സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ട് മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചു<br>Written By: N.Vijayakumar (Audit Officer (HG), On 20-01-2022)<br>Last Updated By: Asad N.E (Computer Assistant, On 07-07-2022) | 1-17 |
| 19 | കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ്-പഞ്ചായത്ത് അടവാക്കുന്നു<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Asad N.E (Computer Assistant, On 07-07-2022) | 1-18 |
| 20 | കുടുംബശ്രീ സി.ഡി.എസ് ഓഫീസിന്റെ വൈദ്യുതി ചാർജ് പഞ്ചായത്ത് അടവാക്കുന്നു<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Asad N.E (Computer Assistant, On 07-07-2022) | 1-19 |
| 21 | ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകൾ തീർപ്പാക്കുന്നതിന് അടിയന്തരമായി നപടികൾ സ്വീകരിക്കണം<br>Written By: Viju M S (Senior Grade Auditor, On 17-01-2022)<br>Last Updated By: Asad N.E (Computer Assistant, On 07-07-2022) | 1-20 |
| 22 | ശുചിത്വമിഷൻ ഫണ്ട് -ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Asad N.E (Computer Assistant, On 07-07-2022) | 1-21 |
| 23 | ക്ഷീരകർഷകർക്ക് സബ്സിഡി- പൂർണ്ണതോതിൽ നടപ്പിലാക്കിയില്ല<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Asad N.E (Computer Assistant, On 07-07-2022) | 1-22 |
| 24 | ദുരന്ത നിവാരണ പ്രതിരോധ പ്രവർത്തനങ്ങളിൽ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Asad N.E (Computer Assistant, On 07-07-2022) | 1-23 |
| 25 | കേരള വാട്ടർ അതോറിറ്റിക്ക് ക്രമ വിരുദ്ധമായി-ജി.എസ്.ടി നല്കി<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Asad N.E (Computer Assistant, On 07-07-2022) | 1-24 |
| 26 | കെ.എസ്.ഇ.ബി യ്ക്ക് ക്രമവിരുദ്ധമായി ജി.എസ്.ടി നല്കി<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Asad N.E (Computer Assistant, On 07-07-2022) | 1-25 |
| 27 | ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽസ് വിതരണം ചെയ്ത കരാറുകാരനിൽ നിന്നും ജി.എസ്.ടി ഈടാക്കിയില്ല.<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Asad N.E (Computer Assistant, On 07-07-2022) | 1-26 |
| 28 | സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധിക തുക ചെലവഴിച്ചു<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Asad N.E (Computer Assistant, On 07-07-2022) | 1-27 |
| 29 | അനുപൂരക പോഷകാഹാരപദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന് ബാധകമല്ലാത്ത ജി.എസ്.ടി ചുമത്തിയത് മൂലം അധിക ചെലവ്<br>Written By: Joseph George (Senior Grade Auditor, On 19-01-2022)<br>Last Updated By: Asad N.E (Computer Assistant, On 07-07-2022) | 1-28 |
| 30 | വീട് വാസയോഗ്യമാക്കൽ -അഡ്വാൻസ് കൈപ്പറ്റിയിട്ടും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയില്ല.<br>Written By: Joseph George (Senior Grade Auditor, On 19-01-2022)<br>Last Updated By: Asad N.E (Computer Assistant, On 07-07-2022) | 1-29 |
| 31 | തൊഴിലുറപ്പ് പദ്ധതി -ടെണ്ടർ നടപടികൾ സ്വീകരിച്ചതിലെ അപാകതകൾ<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Asad N.E (Computer Assistant, On 07-07-2022) | 1-30 |
| 32 | മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-<br>Written By: N.Vijayakumar (Audit Officer (HG), On 19-01-2022) | 1-31 |

| | | |
|---|---|---|
| | Last Updated By: Asad N.E (Computer Assistant, On 07-07-2022) | |
| 33 | കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല.<br>Written By: N.Vijayakumar (Audit Officer (HG), On 19-01-2022)<br>Last Updated By: Asad N.E (Computer Assistant, On 07-07-2022) | 1-32 |
| 34 | ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു.<br>Written By: N.Vijayakumar (Audit Officer (HG), On 19-01-2022)<br>Last Updated By: Asad N.E (Computer Assistant, On 07-07-2022) | 1-33 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധിക തുക ചെലവഴിച്ചു<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Asad N.E (Computer Assistant, On 07-07-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Joseph George (Senior Grade Auditor, On 19-01-2022)<br>Last Updated By: Joseph George (Senior Grade Auditor, On 19-01-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Joseph George (Senior Grade Auditor, On 19-01-2022)<br>Last Updated By: E R Soudamani (Office Superintendent, On 06-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Joseph George (Senior Grade Auditor, On 19-01-2022)<br>Last Updated By: N.Vijayakumar (Audit Officer (HG), On 19-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Joseph George (Senior Grade Auditor, On 19-01-2022)<br>Last Updated By: Asad N.E (Computer Assistant, On 07-07-2022) | 4-4 |
| 5 | വായ്പ /വായ്പാതിരിച്ചടവ്<br>Written By: Joseph George (Senior Grade Auditor, On 19-01-2022)<br>Last Updated By: Asad N.E (Computer Assistant, On 07-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Viju M S (Senior Grade Auditor, On 21-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Viju M S (Senior Grade Auditor, On 21-01-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം.<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Viju M S (Senior Grade Auditor, On 21-01-2022) | 4-8 |
| 9 | ചാർജ് സർച്ചാർജുകളുടെ വിവരം<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Viju M S (Senior Grade Auditor, On 21-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Asad N.E (Computer Assistant, On 06-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Viju M S (Senior Grade Auditor, On 21-01-2022)<br>Last Updated By: Asad N.E (Computer Assistant, On 07-07-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 25.02.2019 ലെ 1(1) ാംനമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ബജറ്റ് 09.03.2020 ലെ 1(1)ാംനമ്പർ തീരുമാനപ്രകാരം ഭരണസമിതി പുതുക്കി അംഗീകരിച്ചിട്ടുണ്ട്. 2019-20 വർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരമുള്ള വരവ് – ചെലവ് കണക്കുകൾ | രസീറ്റ് & പേയ്മെന്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 7582589.00 | 8970084.00 | (-)1387495.00 |
| വരവ് | 169217737.00 | 49486026.00 | 119731711.00 |
| ആകെ | 176800326.00 | 58456110.00 | 118344216.00 |
| ചെലവ് | 169330646.00 | 48797817.00 | 120532829.00 |
| നീക്കിയിരിപ്പ് | 7469680.00 | 9658293.00 | (-) 2188613.00 |

ഇ.എഫ്.എം.എസ് വഴി മഹാത്മഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായി 3.49കോടി രൂപയും, ക്ഷേമ പദ്ധതികൾക്കായി ഡി.ബി.റ്റി വഴി 1.49കോടി രൂപയും ലഭിച്ചതുൾപ്പെടെ തനത് സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയാലും ബജറ്റും വാർഷിക ധനകാര്യപത്രികയും തമ്മിൽ കണക്കിൽ അജഗജാന്തരമുണ്ട്. വാർഷിക കണക്കുകൾ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2020 | 09.06.2020 |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1. വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി വർക്കുകളുമായി ബന്ധപ്പെട്ട് നൽകിയ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ലാത്തതുമൂലം ഇവ അഡ്വാൻസായി തുടരുകയാണ്. ഇവയുടെ വിശദാംശങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 2019-20 ൽ Receipts & Payments Account, Balance Sheet എന്നിവിടങ്ങളിൽ ഡെപ്പോസിറ്റായി കെ.എസ്.ഇ.ബിക്ക് നൽകിയതായി രേഖപ്പെടുത്തിയിട്ടുള്ള 8,89,077 രൂപ യഥാർത്ഥത്തിൽ ഡെപ്പോസിറ്റ് വർക്കല്ല വാങ്ങൽ ആണ്. ഡെപ്പോസിറ്റ് വർക്കുകളിൽ ഏത് പ്രവർത്തിക്കാണ് തുക നൽകിയത്, പ്രവർത്തി പൂർത്തിയാക്കേണ്ട കാലയളവ് പോലുള്ള വിവരങ്ങളൊന്നും ലഭ്യമല്ല. കൂടാതെ വാർഷിക കണക്കിലെ Advance To Others, Advance To Implementing Officers ശീർഷകത്തിലുള്ള തുകകളും ക്രമീകരിച്ചിട്ടില്ല. ഈ ശീർഷകങ്ങളിൽ നൽകിയ വിശദവിവരങ്ങളും അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.
2. വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.
3. ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതമായി ബാലൻസ് ഷീറ്റ് ബി ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്ന തുക ചെലവഴിക്കുന്നതിനോ പദ്ധതി നടപ്പാകാത്ത സാഹചര്യത്തിൽ തുക തിരിച്ചടക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്യുന്നില്ല.
4. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.
5. സ്ഥിരം ജീവനക്കാരുടേത് ഒഴികെയുള്ള മറ്റ് ജീവനക്കാരുടെ മാർച്ച് മാസത്തെ ശമ്പളം, അലവൻസുകൾ,ഭരണസമിതി അംഗങ്ങളുടെ ആനുകൂല്യങ്ങൾ, കുടിശ്ശിക കണ്ടിജന്റ് ചെലവുകൾ എന്നിവക്ക് വാർഷിക കണക്കുകളിൽ തുക വകയിരുത്തിയിട്ടില്ല (Provisions).

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8970084 |
| വരവ് | 49486026 |
| ആകെ | 58456110 |
| ചെലവ് | 48797817 |
| നീക്കിയിരിപ്പ് | 9658293 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 34000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1049860 |

## 1-4 ഫണ്ട് വിശകലനം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് (ACR) | നീക്കിയിരിപ്പ് | ബാലൻസ് / ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 10522588 | 10522588 | 7153278 | 0 | 3369310 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4943254 | 4943254 | 2978823 | 0 | 1964431 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 203566 | 203566 | 69972 | | 133594 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 28295000 | 28295000 | 15953752 | 0 | 12341248 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 3251000 | 3251000 | 2662307 | 0 | 588693 |
| ധനകാര്യകമ്മീഷൻ അവാർഡ് | 0 | 6728659 | 6728659 | 889077 | | 5839582 |
| കേന്ദ്രാവിഷ്കൃതഫണ്ട്- | | | | | കേന്ദ്രാവിഷ്കൃതഫണ്ട്- | |
| ശുചിത്വമിഷൻ | 1770400 | 24000 | 1794400 | 1015270 | 779130 | |
| ICDS | 0 | 438849 | 438849 | 363418 | 75431 | |

2019-20 സാമ്പത്തിക വർഷം വികസന ഫണ്ട് ജനറലിൽ നിന്നും 279412/-രൂപയും വികസനഫണ്ട് (എസ്.സി.പി) യിൽ നിന്നും 102941/-രൂപയും സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത്- എണ്ണം | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 179 | 73625059 | 159 | 3509910 | 77 | 82 | 20 | 43% |

അംഗീകരിച്ച പദ്ധതികളുടെ 43% ആണ് പൂർണ്ണമായും നടപ്പിലായത്. പ്രത്യേക ഗ്രാന്റുകളല്ലാതെ പഞ്ചായത്തിന് ലഭ്യമായ ഫണ്ടിൽ 2.42 കോടി രൂപ ചെലവഴിക്കാൻ കഴിഞ്ഞില്ല.

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 4919 | 1277080 | 1281999 | 1270649 | 11350 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 32398932 | 32398932 | 32398932 | 0 |

| | | | | | |
|---|---|---|---|---|---|
| (റവന്യൂ-മൂലധന ചെലവുകൾ ഉൾപ്പടെ) | | | | | |
| ആകെ | 4919 | 33676012 | 33680931 | 33669581 | 11350 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 12960 | 09 |
| കർഷകതൊഴിലാളി പെൻഷൻ | 1170000 | 197 |
| വിധവാപെൻഷൻ | 3061200 | 483 |
| വാർദ്ധക്യ കാലപെൻഷൻ | 9900600 | 1682 |
| വികലാംഗപെൻഷൻ | 1191000 | 187 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 138000ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. | 23 |
| വിവാഹധനസഹായം | 60000 | 2 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.01.2022ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1688/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2. ഗ്രാമ പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

3. ഫ്രണ്ട് ഓഫീസിൽ കറണ്ട് ഫയൽ ജനറേറ്റ് ചെയ്യുമ്പോൾ മാത്രമേ നിലവിൽ സൂചികയിൽ എൻട്രി വരുന്നുള്ളൂ. തീർപ്പു കൽപ്പിക്കുന്നതും വെരിഫിക്കേഷനും സംബന്ധിച്ച എൻട്രികൾ സൂചികയിൽ പ്രതിഫലിക്കുന്നില്ല. ബാവികസന ഫണ്ട് (പൊതുവിഭാഗം) 400000ക്ക് ഓഫീസ് സംവിധാനം സൂചികയിൽ പൂർണ്ണതോതിൽ പ്രവർത്തിക്കാത്തതിനാൽ ഫയലുകൾ അതത് സെക്ഷനുകളിൽ പെന്റിംഗായി കാണിക്കുന്നു.

4. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല.

6.മോണിട്ടറിങ്ങ്

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്ടുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ

പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്റ്റുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്റ്റുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.09.2021 | 01.01.2021മുതൽ 31.07.2021വരെ | 19.11.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.10.2019 മുതൽ 06.11.2019 വരെ | 2014-15മുതൽ 2018-19വരെ | 26.11.2019 |

## 1-11 ഗ്രാമ സഭ കൃത്യമായ ഇടവേളകളിൽ കൂടുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ചു ചേർക്കേണ്ടതാണ്. 2019 - 2020 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 13 വാർഡുകളിൽ 3വീതം ഗ്രാമസഭകൾ മാത്രമാണ് കൃത്യമായ ഇടവേളകളിൽ യോഗം ചേർന്നിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

| വാർഡ് ക്രമ നം. | ഗ്രാമ സഭ കൂടിയ തീയതി |
|---|---|
| 1 | 06.07.2019,05.12.2019,28.02.2020, |
| 2 | 06.07.2019,05.12.2019,28.02.2020, |
| 3 | 08.07.2019,06.12.2019,27.02.2020, |
| 4 | 05.07.2019,02.12.2019,30.01.2020, |
| 5 | 10.07.2019,05.12.2019,04.02.2020, |
| 6 | 14.07.2019,07.12.2019,28.01.2020, |
| 7 | 05.07.2019,07.12.2019,01.02.2020, |
| 8 | 06.07.2019,06.12.2019,02.02.2020, |
| 9 | 05.07.2019,06.12.2019,28.02.2020, |
| 10 | 10.07.2019,05.12.2019,08.02.2020, |
| 11 | 06.07.2019,06.12.2019,08.02.2020, |
| 12 | 11.07.2019,03.12.2019,29.02.2020, |
| 13 | 10.07.2019,07.12.2019,10.02.2020, |

ഗ്രാമസഭകൾ സംബന്ധിച്ച് ജനങ്ങൾക്ക് നിയമപ്രകാരമുള്ള എല്ലാ അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്വങ്ങളും പ്രയോഗിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്ന തരത്തിൽ ജനങ്ങളെ ബോധവാന്മാരാക്കിയും നിശ്ചിത ഇടവേളകളിൽ ഗ്രാമസഭായോഗങ്ങൾ വിളിച്ചുകൂട്ടിയും ഗ്രാമസഭകളെ ഊർജ്ജസ്വലമാക്കുന്നതിന് ഭരണാധികാരികൾ ശ്രമിക്കേണ്ടതാണ്. ഗ്രാമസഭായോഗങ്ങളിൽ എല്ലാവരെയും പങ്കെടുപ്പിച്ചും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ഫലവത്തായി ചർച്ച ചെയ്തും ഗ്രാമസഭാ തീരുമാനങ്ങളെ മറികടന്ന് കാര്യങ്ങൾ പ്രാവർത്തികമാക്കുന്നത് ഒഴിവാക്കിയും ഗ്രാമസഭകളെ കൂടുതൽ ശക്തിപ്പെടുത്താം.

## 1-12 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം പ്രകൃതി ദുരന്തം, രോഗാദിദുരിതങ്ങൾ എന്നിവ മൂലം പ്രയാസമനുഭവിക്കുന്നവർക്ക് ആവശ്യഘട്ടങ്ങളിൽ കൈത്താങ്ങാകുവാൻ പഞ്ചായത്ത് ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ലാത്തതായി കാണുന്നു. ടി

വിഷയത്തിൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8/20-21 /15.1.21) സെക്രട്ടറി മറുപടി ഹാജരാക്കിയിട്ടില്ല. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ധാരാളം ജനങ്ങൾ ഉള്ള പ്രദേശത്ത് ദുരിതാശ്വാസ നിധി രൂപീകരിച്ച് അതിൽ നിന്നും അടിയന്തിര ധനസഹായം അനുവദിക്കാത്തത് ശരിയായ നടപടിയല്ല.

ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകി തുക അനുവദിക്കുകയും നിധിയിലേക്ക് തുക സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

1-13 തൊഴിൽ നികുതി -കൃത്യമായ രീതിയിൽ ഡിമാന്റ് ചെയ്യപ്പെടുന്നില്ല

ഓരോ അർദ്ധവർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 204 പ്രകാരം ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ് . എന്നാൽ ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് രജിസ്റ്ററിലുണ്ടെങ്കിലും ഇവയിലെ ജീവനക്കാരുടെ 2019-20 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി (രണ്ട് അർദ്ധവർഷങ്ങളിലേയും) ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം. | അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 74/19-20 | പോളച്ചൻ റ്റി. റ്റി | ബി ഫ്രണ്ട്സ് സിമന്റ് വർക്ക്സ് (ഹോളോബ്രിക്സ് നിർമ്മാണം) | 4 |
| 2 | 53/19-20 | കെ എം വർഗീസ് | സെന്റ് മേരീസ് സോളിഡ് ബ്രിക്സ് | 5 |

മേൽ പരാമർശിച്ചിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വറിക്ക് (നം.15/ 18.1.2022) മറുപടി ലഭിച്ചിട്ടില്ല. ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തുന്നില്ല-കാലഹരണപ്പെട്ട നിക്ഷേപങ്ങളുടെ വിവരം ലഭ്യമല്ല

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്ത് മൂന്ന് സാമ്പത്തിക വർഷങ്ങൾക്കു ശേഷവും തിരികെ നൽകാത്ത സാഹചര്യത്തിൽ പ്രസ്തുത ഡെപ്പോസിറ്റ് തുകകൾ കാലഹരണപ്പെട്ടതായി കണക്കാക്കേണ്ടതും ആയത് തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഓരോ ഇനത്തിലും ലഭിച്ചതും, തിരികെ നൽകിയതുമായ തുകകൾ പ്രത്യേക പേജുകളിലായി രേഖപ്പെടുത്തുകയോ, ആകെ തുക കൂട്ടി എഴുതുകയോ, വർഷാന്ത്യത്തിൽ ഓരോ ഇനത്തിന്റെയും സംക്ഷിപ്ത വിവരം രേഖപ്പെടുത്തുകയോ, നീക്കിയിരിപ്പ് തുകയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിലുള്ള തുക റീഫണ്ട് ചെയ്തതായി റൗണ്ട് ചെയ്തിട്ടുണ്ടെങ്കിലും റീഫണ്ട് ചെയ്തതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിലെ B-7 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുക 681755/- രൂപയാണ്. ടി നീക്കിയിരിപ്പ് തുകയിൽ 1.10.2007 മുതലുള്ള തുകകൾ ഉള്ളതായി കാണുന്നു. ഡെപ്പോസിറ്റ് രജിസ്റ്ററിൽ നീക്കിയിരിപ്പ് തുകയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ എഴുതിയിട്ടില്ലാത്തതിനാൽ കാലഹരണപ്പെട്ട തുകയുടെ വിവരങ്ങൾ കണക്കാക്കാൻ സാധിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/19-20/16.1.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ കൃത്യമായി കണക്കാക്കി പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, രജിസ്റ്ററിലെ അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-15 സ്വാഗത ബോർഡുകൾ സ്ഥാപിച്ചതിന്റെ തുക തിരികെ ലഭ്യമാക്കിയില്ല

ശുചിത്വ ഭാരത മിഷന്റെ ഒ.ഡി.എഫ് ക്യാമ്പയിന്റെ ഭാഗമായി സ്വാഗത ബോർഡുകൾ ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ചിരുന്നു. ആയതിന്റെ ചെലവായി, എല്ലാറ ആർട്ട്സ്, ഇടപ്പള്ളി, കൊച്ചി എന്ന സ്ഥാപനത്തിന്റെ ഉടമയായ ശ്രീ. ശ്രീനാഥന് 9936/- രൂപ (ചെക്ക് നം 415871/തീ 21.10.2019) തനത് ഫണ്ടിൽ നിന്ന് നല്കിയിട്ടുണ്ട്. ജില്ലാ ശുചിത്വ മിഷന്റെ 16.07.2019 ലെ 100/SBM(G)/IHHL/2019ാം നമ്പർ ഉത്തരവ് പ്രകാരം Performance Based Incentives Grant ന്റെ 5% തുക ഐ.ഇ.സി പ്രവർത്തനങ്ങൾക്കായി

പൂർണ്ണമായും വിനിയോഗിച്ചിട്ടുള്ള പഞ്ചായത്തുകൾ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയാൽ സ്വാഗത ബോർഡുകൾ സ്ഥാപിച്ചതിന്റെ ബില്ലുകളും വൗച്ചറുകളും ഹാജരാക്കുന്ന മുറയ്ക്ക് ജില്ല ശുചിത്വ മിഷന്റെ ഐ.ഇ.സി ഘടകത്തിൽ ഉൾപ്പെടുത്തി ഇതിന് ചെലവായ തുക അനുവദിക്കുന്നതാണെന്ന് പറയുന്നുണ്ട്. സ്വാഗത ബോർഡുകൾ ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ചതിന്റെ ചെലവായ 9936/- രൂപ ഐ.ഇ.സി ഘടകത്തിൽ നിന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 14.01.2022 -ൽ നൽകിയ 1ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത തുക ശുചിത്വ മിഷനിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-16 പെൻസിൽ മെന്റേഴ്സ് പ്രോഗ്രാം- കിലയിൽ നിന്ന് തുക ലഭ്യമാക്കിയില്ല

ആരോഗ്യജാഗ്രതയുടെ ഭാഗമായി കിലയുടെ ആഭിമുഖ്യത്തിലും കുടുംബശ്രീയുടെ നേതൃത്വത്തിലും നടത്തിയ പെൻസിൽ മെന്റേഴ്സ് ക്യാമ്പിന് 18.07.2019 ലെ ചെക്ക് നമ്പർ 43259,43260,43261(5950,569,600)എന്നിവ പ്രകാരം തനത് ഫണ്ടിൽ നിന്നും 7119/-രൂപ സി.ഡി.എസ് ചെയർപേഴ്സന്റെ പേരിൽ അനുവദിച്ചിരുന്നു. രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ചെലവ് തുക തിരികെ നൽകുന്നതാണെന്ന് 02.05.19 ലെ 2019/101/2719/HQ നമ്പർ കത്തിലൂടെ കില ഡയറക്ടർ അറിയിച്ചിരുന്നു.പ്രസ്തുത തുക കിലയിൽ നിന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 14.01.2022 ൽ നല്കിയ 3ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. മേൽ ഇനത്തിൽ ചെലവഴിച്ച തുക അടിയന്തരമായി കിലയിൽ നിന്ന് ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17 സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ട് മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചു

ഗ്രാമപഞ്ചായത്തിലെ ഖര ദ്രവ മാലിന്യ സംസ്കരണ പദ്ധതികൾക്കായി അനുവദിച്ച സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ട് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ളതല്ലാത്ത താഴെ പറയുന്ന സ്ഥാപനങ്ങളുടെ ആസ്തി നിർമ്മാണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.

I. പ്ലാന്റേഷൻ ഏരിയയിൽ പൊതു ടൊയിലറ്റ് നിർമ്മാണം -

| | |
|---|---|
| പ്രോജക്ട് നമ്പർ | : 194/19 |
| പ്രോജക്ടിന്റെ പേര് | : പ്ലാന്റേഷൻ ഏരിയയിൽ പൊതു ടൊയിലറ്റ് നിർമ്മാണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : അസി.എഞ്ചിനിയർ |
| കരാറുകാരൻ | : കെ.എസ്.പോളി |
| ഫണ്ട് വിവരം | : കേന്ദ്ര വിഹിതം, ഗുണഭോക്തൃ വിഹിതം |
| എം.ബുക്ക് നം. | : 382,383/18-19 |
| ചെക്ക് നം. | : 2386300/25.11.19 – 638704/- |

| | |
|---|---|
| പ്രോജക്ട് നമ്പർ | : 147/20 |
| പ്രോജക്ടിന്റെ പേര് | : പ്ലാന്റേഷനിൽ പൊതു ടൊയിലറ്റ് നിർമ്മാ ഗ്രാമപഞ്ചായത്തിലെ ഖര ദ്രവ മാലിന്യ സംസ്കരണ പദ്ധതികൾക്കായി അനുവദിച്ച സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ട് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ളതല്ലാത്ത താഴെ പറയുന്ന സ്ഥാപനങ്ങളുടെ ആസ്തി നിർമ്മാണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.<br>I. പ്ലാന്റേഷൻ ഏരിയയിൽ പൊതു ടൊയിലറ്റ് നിർമ്മാണം -<br>ണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : അസി.എഞ്ചിനിയർ |
| കരാറുകാരൻ | : ബെന്നി എബ്രഹാം |

| | | |
|---|---|---|
| ഫണ്ട് വിവരം | : | കേന്ദ്ര വിഹിതം, ഗുണഭോക്തൃ വിഹിതം |
| എം.ബുക്ക് നം. | : | 385/18-19 |
| ചെക്ക് നം. | : | 2664708/3.2.20- 136829/- |

പ്ലാന്റേഷൻ കോർപ്പറേഷന്റെ സ്ഥലത്ത് 6 ടൊയിലറ്റ് ബ്ലോക്കുകൾ നിർമ്മിച്ചു നല്കുന്നതിനായി ഗ്രാമ പഞ്ചായത്തിന്റെ 18-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തി സ്വച്ഛ് ഭാരത് മിഷൻ ഫണ്ടുപയോഗിച്ച് സ്പിൽ ഓവറായി നടപ്പാക്കിയ പദ്ധതിയാണിത്.

കേരള പ്ലാന്റേഷൻ കോർപ്പറേഷൻ ചീഫ് കൺസ്ട്രക്ഷൻ എഞ്ചിനിയർ 1.2.2019 ൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയ കത്തിൽ പ്ലാന്റേഷൻ കേർപ്പറേഷന്റെ വകയായ കാലടി പ്ലാന്റേഷനിലെ 6 ക്വാർട്ടേഴ്സുകളിൽ പഞ്ചായത്ത് ചെലവിൽ ടൊയിലറ്റ് നിർമ്മിക്കുന്നതിന് എതിർപ്പില്ല എന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് ടൊയിലറ്റ് നിർമ്മിച്ചു നൽകിയിട്ടുള്ളത്. 6 ടൊയിലറ്റ് ബ്ലോക്കുകൾ പ്ലാന്റേഷൻ കോർപ്പറേഷന്റെ ക്വാർട്ടേഴ്സുകളിലും ഒരെണ്ണം കല്ലാല ക്ലബിലുമാണ് നിർമ്മിച്ചിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകളുള്ളതായി കാണുന്നു.

1. സ്വച്ഛ് ഭാരത് മിഷൻ ഫണ്ടുപയോഗിച്ച് ഏറ്റെടുത്ത് നടത്താവുന്ന പ്രോജക്ടുകൾ സംബന്ധിച്ച് എറണാകുളം ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർ ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള കത്തിൽ (നം.700/SBM/SLWM/2018 തീയതി.26.6.2018) പ്രസ്തുത ഫണ്ടുപയോഗിച്ച് താഴെ പറയുന്ന പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

(I). പൊതു ശൗചാലയം (കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സ്/ പബ്ലിക് ടൊയിലറ്റ് കോംപ്ലക്സ്) പണിയുന്നതിന് യൂണിറ്റ് കോസ്റ്റായ് 2,00,000/- രൂപയിൽ 90% തുക സ്വച്ഛ് ഭാരത് മിഷൻ ഫണ്ടിൽ നിന്നും 10% തുക തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതവും ഉപയോഗിക്കാവുന്നതാണ്.

(Ii). റസിഡൻസ് അസ്സോസിയേഷൻ, കോളനികൾ, ക്വാർട്ടേഴ്സുകൾ , സർക്കാർ ഓഫീസുകൾ, സ്കൂളുകൾ, ആശുപത്രികൾ, ഹോസ്റ്റലുകൾ മറ്റ് സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ കമ്പോസ്റ്റിംഗ് സൗകര്യങ്ങളും, ബയോഗ്യാസ് സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിന് 50% തുക (പരമാവധി 1,00,000/- രൂപ) ശുചിത്വ മിഷൻ വിഹിതമായി ഉപയോഗിക്കാവുന്നതാണ്.ബാക്കി തുക അതാത് സ്ഥാപന ഉടമ കണ്ടെത്തേണ്ടതാണ്.

എന്നാൽ ഇവിടെ പ്രസ്തുത മാർഗ്ഗനിർദ്ദേശത്തിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരമുള്ള പബ്ലിക് ടൊയിലറ്റ് കോംപക്സ് അല്ല സ്ഥാപിച്ചിട്ടുള്ളത്. കേരള പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ക്വാർട്ടേഴ്സുകളിലാണ് ടൊയിലറ്റ് നിർമ്മിച്ചു നൽകിയിട്ടുള്ളത്. പഞ്ചായത്തിന് കൈമാറി കിട്ടിയതോ, പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്നതോ ആയ സ്ഥാപനമല്ല കേരള പ്ലാന്റേഷൻ കോർപ്പറേഷൻ. ഇത്തരം ഒരു സ്ഥാപനത്തിന്റെ ജീവനക്കാർക്കായുള്ള സ്വകാര്യ ക്വാർട്ടേഴ്സിൽ ടൊയിലറ്റ് സ്ഥാപിച്ചു നൽകേണ്ട ബാധ്യത ഗ്രാമ പഞ്ചായത്തിനില്ല. മാത്രമല്ല, പ്രസ്തുത നിർദ്ദേശത്തിൽ കോളനികൾ, ക്വർട്ടേഴ്സുകൾ എന്നിവിടങ്ങളിൽ കംപോസ്റ്റിംഗ് / ബയോഗ്യാസ് സംവിധാനങ്ങൾ 50% സബ്സിഡിയിൽ (പരമാവധി 1,00,000/- രൂപ) ചെയ്യാൻ മാത്രമാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ പ്രസ്തുത വ്യവസ്ഥയ്ക്ക് വിരുദ്ധമായി ടൊയിലറ്റ് നിർമ്മാണത്തിനായി 2 പ്രോജക്ടുകൾ പ്രകാരം 12 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 7,75,533/- രൂപ (ഗുണഭോക്തൃ വിഹിതം 10% ഉൾപ്പെടെ) ചെലവഴിക്കുകയും ചെയ്തു.

2. പ്ലാന്റേഷൻ ഏരിയയിൽ പൊതു ടൊയിലറ്റ് നിർമ്മാണം (194/19) - 8.3.2019 ൽ കരാർ ചമച്ച ടി പ്രവൃത്തിയ്ക്ക് 17.7.19 ലെ ഒന്നാം പാർട്ട് ബിൽ പ്രകാരം 6,38,704/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പാർട്ട് ബില്ലിൽ നിന്നും നിയമാനുസൃതം കുറവ് ചെയ്യേണ്ട റീടെൻഷൻ തുക കുറവ് ചെയ്തിട്ടില്ല. പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിവരം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

3. ഹാജരാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഇലക്ഷൻ പോളിംഗ് സ്റ്റേഷൻ ആവശ്യത്തിനായി ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരമാണ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കല്ലാല ക്ലബിൽ ടൊയിലറ്റ് ബ്ലോക്ക് സ്ഥപിച്ചതെന്ന് രേഖപ്പടുത്തി കാണുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. കല്ലാല ക്ലബിൽ നിർമ്മിച്ചിട്ടുള്ള ടൊയിലറ്റിന്റെ ചുമരുകൾക്ക് അക്രലിക് ഇമൽഷൻ പെയിന്റിംഗ് (24.431 സ്ക്വ.മീ.) ചെയ്തതായി അളവ് ബുക്കിൽ (പേജ് നം. 11 383/18-19) രേഖപ്പെടുത്തി 2963/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ ഭൗതിക പരിശോധനയിൽ ചുമരുകളിൽ പ്ലാസ്റ്ററിംഗ് മാത്രമാണ് നടത്തിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ചെയ്യാത്ത പ്രവൃത്തിയ്ക്ക് തുക നൽകിയത് ഗുരുതരമായ ക്രമക്കേടായി ഓഡിറ്റിൽ കാണുന്നു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/19-20/18.1.22 ) അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ ആകെ തുക എസ്റ്റിമേറ്റ് തുകയിലും കുറവായതിനാലാണ് പാർട്ട് ബിൽ നൽകിയതെന്നും, ഭരണ സമിതിയുടെ തീരുമാന പ്രകാരം ബിൽ ക്ലോസ്സ് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

II. <u>പുലരി ക്ലബിന് സമീപം പൊതുടൊയിലറ്റ് നിർമ്മാണം</u>

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 195/19 |

| | | |
|---|---|---|
| പ്രോജക്റ്റിന്റെ പേര് | : | പുലരി ക്ലബിന് സമീപം പൊതുടോയിലറ്റ് നിർമ്മാണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | അസി.എഞ്ചിനിയർ |
| കരാറുകാരൻ | : | ബെന്നി എബ്രഹാം |
| ഫണ്ട് വിവരം | : | കേന്ദ്ര വിഹിതം - 180000/-<br>ഗുണഭോക്തൃ വിഹിതം- 20000/- |
| എം.ബുക്ക് നം. | : | 798/18-19 |
| ചെക്ക് നം. | : | 2664709/3.2.20- 156500/- |

1. പുലരി ക്ലബിന് സമീപം 1 ടൊയിലറ്റ് ബ്ലോക്ക് (ഒരു ബ്ലോക്കിൽ 3 ടൊയിലറ്റുകൾ) നിർമ്മിച്ചു നല്കുന്നതിനായി ഗ്രാമ പഞ്ചായത്തിന്റെ 18-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തി സ്പിൽ ഓവറായി നടപ്പാക്കിയ പദ്ധതിയാണിത്. അംഗീകരിച്ച പ്രോജക്ട് പ്രകാരം 2 ലക്ഷം രൂപ അടങ്കലായി തയ്യാറാക്കിയ ടി പദ്ധതിയിൽ 20000/- രൂപ ഗുണഭോക്തൃ വിഹിതമായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഗുണഭോക്തൃ വിഹിതമിനത്തിൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും ലഭിച്ച തുകയുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

2. സ്വച്ഛ് ഭാരത് മിഷൻ ഫണ്ടുപയോഗം സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് തുക ചെലവഴിച്ചിട്ടുള്ളത്. പഞ്ചായത്തിന് കൈമാറി കിട്ടിയതോ, പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്നതോ ആയ സ്ഥാപനമല്ല പുലരി ക്ലബ്. ഇത്തരം ഒരു സ്ഥാപനത്തിന്റെ ആസ്തി നിർമ്മാണവുമായുള്ള പ്രവർത്തനത്തിന് പഞ്ചായത്തിൽ നിന്നും തുക നൽകേണ്ട ബാധ്യത ഗ്രാമ പഞ്ചായത്തിനില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/19-20/18.1.22 ) അസി.എഞ്ചിനിയർ മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്വച്ഛ് ഭാരത് മിഷൻ ഫണ്ടുപയോഗം സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച തുക 932033/- രൂപ (775533 + 156500) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18 കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ്-പഞ്ചായത്ത് അടവാക്കുന്നു

അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ മുലെപ്പാറ കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ്ജ്, മെയിന്റനൻസ് ജോലികൾ സംബന്ധിച്ച ചെലവുകൾ എന്നിവ വർഷങ്ങളായി പഞ്ചായത്തിൽ നിന്നുമാണ് വഹിച്ചുപോരുന്നത്. ജലസേചന പദ്ധതികളുടെയും, കുടിവെള്ള പദ്ധതികളുടെയും നിർമ്മാണം പൂർത്തിയായശേഷം തുടർ നടത്തിപ്പും, അറ്റകുറ്റപ്പണികളും കർഷക ഗ്രൂപ്പുകളും ഗുണഭോക്തൃസമിതികളും ഏറ്റെടുക്കേണ്ടതാണെന്ന് 6.6.2002-ലെ ജി.ഒ.(എം.എസ്.)20/02 ആസൂത്രണം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ്ജിനത്തിൽ 9,68,743/- രൂപ നല്കിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തുക | ചെക്ക് നം | തീയതി |
|---|---|---|---|
| 1 | 85994 | 43201 | 03.04.2019 |
| 2 | 78062 | 43216 | 10.05.2019 |
| 3 | 81180 | 43230 | 07.06.2019 |
| 4 | 76826 | 43248 | 08.07.2019 |
| 5 | 83103 | 178179 | 09.08.2019 |
| 6 | 83311 | 43297 | 05.09.2019 |
| 7 | 77754 | 43307 | 10.10.2019 |
| 8 | 67664 | 43329 | 06.11.2019 |
| 9 | 78251 | 43350 | 07.12.2019 |
| 10 | 81813 | 43366 | 01.01.2020 |
| 11 | 94451 | 43389 | 07.02.2020 |
| 12 | 80334 | 43409 | 06.03.2020 |
| ആകെ 9,68,743 | | | |

തദ്ദേശ സ്വയം ഭരണവകുപ്പിന്റെ 10.11.2016 ലെ ജി.ഒ (ആർ.ടി) 3066/2016 പ്രകാരം പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ടവർ ഗുണഭോക്താക്കളായ കുടിവെള്ളപദ്ധതികളുടെ വൈദ്യുതിച്ചാർജ് തനത് ഫണ്ടിൽ (എസ്.സി.പി/മെയിന്റനൻസ്) നിന്ന് അടവാക്കാമെങ്കിലും മറ്റു കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ്ജ് അടവാക്കുവാൻ പഞ്ചായത്ത് തീരുമാനമെടുത്തിട്ടുള്ളത് ക്രമപ്രകാരമല്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായാണ് കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ്ജ് അടവാക്കുന്നത്. കൂടാതെ ഈ പദ്ധതിയുടെ നടത്തിപ്പിനായി മൂന്ന് പമ്പ് ഓപ്പറേറ്റർമാരേയും പഞ്ചായത്ത് നിയമിച്ചിട്ടുണ്ട്. പ്രസ്തുത ജീവനക്കാരുടെ ശമ്പളമിനത്തിൽ പ്രതി വർഷം 3,60,000/- രൂപ പഞ്ചായത്തിന് ചെലവ് വരുന്നുണ്ട്. ആയതിനും വിശദീകരണം നല്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 14.01.2022ൽ നല്കിയ 8ാം നമ്പർ ഓഡിറ്റ്

അന്വേഷണ കുറിപ്പിന് പ്രസ്തുത കുടിവെള്ള പദ്ധതി ഗ്രാമ പഞ്ചായത്തിലെ 5 വാർഡുകളിൽ പൂർണ്ണമായും 2 വാർഡുകളിൽ ഭാഗികമായും ഉപയോഗിക്കപ്പെടുന്നതാണെന്നും വേനൽക്കാലങ്ങളിൽ ഗ്രാമപഞ്ചായത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണെന്നും ആയത് ഒരു പരിധിവരെ പരിഹരിക്കപ്പെടുന്നത് ഈ കുടിവെള്ളപദ്ധതി മൂലമാണെന്നും കുടിവെള്ളവിതരണം പഞ്ചായത്തിന്റെ ചുമതലയായതിനാലുമാണ് ഈ പദ്ധതിയുടെ ചെലവ് പഞ്ചായത്ത് വഹിക്കുന്നതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മറുപടി ഓഡിറ്റ് അംഗീകരിക്കുന്നു. എങ്കിലും തനത് വരുമാനം കുറവായ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത പദ്ധതിയ്ക്കായി ഭീമമായ തുകയാണ് ചെലവഴിക്കുന്നത്. പ്രസ്തുത പദ്ധതി സർക്കാർ നിർദ്ദേശം പാലിച്ച് ഗുണഭോക്തൃസമിതിയെ ഏല്പിക്കുന്ന പക്ഷം വലിയ സാമ്പത്തിക ബാദ്ധ്യതയിൽ നിന്ന് ആശ്വാസം ലഭിക്കുന്നതാണ്. ആയതിനാൽ പഞ്ചായത്ത് കമ്മറ്റി ഉചിതമായ തീരുമാനം ഈ വിഷയത്തിൽ കൈക്കൊള്ളേണ്ടതാണ്.

## 1-19 കുടുംബശ്രീ സി.ഡി.എസ് ഓഫീസിന്റെ വൈദ്യുതി ചാർജ് പഞ്ചായത്ത് അടവാക്കുന്നു

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ. സി.ഡി.എസ് ഓഫീസിന്റെ വൈദ്യുതി ചാർജ് (കൺസ്യൂമർ നം1155783010047) ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അടവാക്കുന്നു. വിശദവിവരം താഴെച്ചേർക്കുന്നു.

| ക്രമനം | മാസം | തുക | ചെക്ക് നം | തീയതി |
|---|---|---|---|---|
| 1 | 04/2019 | 2426 | 43202 | 11.04.19 |
| 2 | 06/2019 | 1876 | 43233 | 15.06.19 |
| 3 | 08/2019 | 2672 | 43278 | 09.08.19 |
| 4 | 10/2019 | 2204 | 43307 | 10.10.19 |
| 5 | 12/2019 | 2321 | 43350 | 07.12.19 |
| 6 | 02/2020 | 2064 | 43389 | 07.02.20 |
| | ആകെ | 13563 | | |

മേൽ പ്രകാരം കുടുംബശ്രീ സി.ഡി.എസിന്റെ വൈദ്യുതിച്ചാർജായി 13563/- രൂപ 2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്ന് അടവാക്കിയിട്ടുണ്ട്. കുടുംബശ്രീ സി.ഡി.എസിന് സ്വന്തമായി ഫണ്ട് ഉണ്ടെന്നിരിക്കെ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് വൈദ്യുതിച്ചാർജ് അടവാക്കിയതിന് വിശദീകരണവും പഞ്ചായത്തും കുടുംബശ്രീയും തമ്മിൽ ഏർപ്പെട്ടിട്ടുള്ള കരാർ വ്യവസ്ഥകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 14.01.2022 -ൽ 5ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത കൺസ്യൂമർ നമ്പറിൽ പഞ്ചായത്തിലെ വി.ഇ.ഒ ഓഫീസ്, സാക്ഷരത പ്രേരക്, ലൈബ്രറി, കുടുംബശ്രീ ഓഫീസ് എന്നിവ പ്രർത്തിക്കുന്നുണ്ടെന്നും ഇതിന്റെയെല്ലാം വൈദ്യുതി ബില്ല് കുടുംബശ്രീ ഓഫീസിന്റെ പേരിലാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നിരുന്നാലും കുടുംബശ്രീ ഒരു സ്വതന്ത്ര സംഘടനയും അതിന്റെ പ്രവർത്തനങ്ങൾക്ക് സ്വന്തമായ ഫണ്ടുള്ള സ്ഥാപനവുമാണ്. ആയതിന്റെ വൈദ്യുതി ബില്ല് പഞ്ചായത്തിൽ നിന്ന് നല്കേണ്ട ആവശ്യമില്ല. ആയതിനാൽ പ്രസ്തുത വൈദ്യുതി ബില്ല് ആനുപാതികമായി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതും ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-20 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകൾ തീർപ്പാക്കുന്നതിന് അടിയന്തരമായി നപടികൾ സ്വീകരിക്കണം

അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2003-04മുതൽ 2010-11 വരെയുള്ള വർഷങ്ങളിലൊഴികെ 1985-86 മുതൽ 2012-13 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ 15.05.2019ൽ നടന്ന അദാലത്തിൽ തീർപ്പാക്കാൻ സഅയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2003-04മുതൽ 2010-11 വരെയുള്ള വർഷങ്ങളിലൊഴികെ 1985-86 മുതൽ 2012-13 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ 15.05.2019ൽ നടന്ന അദാലത്തിൽ തീർപ്പാക്കാൻ സമർപ്പിച്ചിരുന്നു. 1985-86മുതൽ 1994-95വരെയുള്ള റിപ്പോർട്ടുകളും 2001-02വർഷത്തെ വരവ് ഓഡിറ്റ് റിപ്പോർട്ടും അദാലത്തിൽ ഒഴിവാക്കിയിരുന്നു. അവശേഷിക്കുന്ന ഖണ്ഡികകളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചുകഴിഞ്ഞാൽ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14(2), 14(3), 15 എന്നിവയനുസരിച്ച് ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിനായി നടപടികൾ യഥാസമയം സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് പരാമർശങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള ഒരു മാനദണ്ഡമാകയാൽ ഓഡിറ്റ് പരാമർശങ്ങൾ ചട്ടപ്രകാരം യഥാസമയം തന്നെ തീർപ്പാക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ ഖണ്ഡിക 4-11ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.മർപ്പിച്ചിരുന്നു. 1985-86മുതൽ 1994-95വരെയുള്ള റിപ്പോർട്ടുകളും 2001-02വർഷത്തെ വരവ് ഓഡിറ്റ് റിപ്പോർട്ടും അദാലത്തിൽ ഒഴിവാക്കിയിരുന്നു. അവശേഷിക്കുന്ന ഖണ്ഡികകളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചുകഴിഞ്ഞാൽ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14(2), 14(3), 15 എന്നിവയനുസരിച്ച് ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിനായി നടപടികൾ യഥാസമയം

സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് പരാമർശങ്ങൾ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനുള്ള ഒരു മാനദണ്ഡമാകയാൽ ഓഡിറ്റ് പരാമർശങ്ങൾ ചട്ടപ്രകാരം യഥാസമയം തന്നെ തീർപ്പാക്കുന്നതിന് പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരങ്ങൾ ഖണ്ഡിക 4-11ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-21 ശുചിത്വമിഷൻ ഫണ്ട് -ചെലവ് രേഖകൾ ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ 13 വാർഡുകളിലും മഴക്കാലപൂർവ്വശുചീകരണത്തിനായി 20.05.2019 ൽ 415825 ാം നമ്പർ ചെക്ക് പ്രകാരം 1,30,000/- രൂപ മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി ക്ക് നല്കിയിട്ടുണ്ട്. സി.എച്ച്.സി യെ എഫ്.എച്ച്.സിയായി ഗ്രേഡ് ചെയ്തിട്ടുള്ളതാണ്. ആയതിന്റെ ചെലവ് രേഖകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് 14.01.2020 ൽ നല്കിയ 10(a) നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. എന്നാൽ 7, 11 എന്നീ വാർഡുകളിലെ ഫയൽ ഹാജരാക്കുകയും ഫയൽ പരിശോധിച്ച് നല്കിയിട്ടുള്ളതുമാണ്. ഓഡിറ്റിന് ഹാജരാക്കാത്ത 11 വാർഡുകൾക്കും അനുവദിച്ച 10,000/- രൂപ വീതം വരുന്ന 1,10,000/- രൂപ ഫയൽ ഓഡിറ്റിന് ഹാജരാക്കുന്നത് വരെ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 ക്ഷീരകർഷകർക്ക് സബ്സിഡി- പൂർണ്ണതോതിൽ നടപ്പിലാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ,പേര് | എസ് 0089/20, ക്ഷീരകർഷകർക്ക് സബ്സിഡി |
| ഫണ്ട്, അടങ്കൽ | വികസന ഫണ്ട് (പൊതുവിഭാഗം) 400000 |
| ബിൽ നം., തീയതി, ചെലവ് | 1/2019-20, 24.01.2020, 400000 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ. |

ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പിലാക്കുന്ന സഹകരണസംഘങ്ങൾ വഴി പാലളക്കുന്നവർക്ക് പാൽവില സബ്സിഡി എന്ന പ്രൊജക്ടിൽ 2019-20 വർഷം അയ്യമ്പുഴ ഗ്രാമ പഞ്ചായത്തിൽ ക്ഷീരകർഷകർക്കായി സർക്കാർ വിഭാവനം ചെയ്യുന്ന സബ്സിഡി/ധനസഹായം നൽകാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. മിൽമ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് 14.02.2018 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് നം 22/2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ 6.2 (8) പ്രകാരം വകുപ്പ് വിഹിതവും ചേർത്ത് ഒരു ലിറ്റർ പാലിന് 4 രൂപ നിലവിൽ സബ്സിഡി അനുവദിക്കാവുന്നതാണ്. എന്നാൽ മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചയത്തിലെ 6 ക്ഷീര സഹകരണ സംഘം വഴി പാലളക്കുന്ന 126 ക്ഷീരകർഷകർക്ക് വികസന ഫണ്ടിൽ നിന്ന് 4 രൂപ വീതം ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ മാത്രമാണ് സബ്സിഡിയിനത്തിൽ നല്കുവാൻ കഴിഞ്ഞിട്ടുള്ളത്. തനത് സാമ്പത്തിക വർഷം 100000 ലിറ്റർ പാൽ മേൽ സൂചിപ്പിച്ച 6 ക്ഷീരസംഘങ്ങൾ വഴി കർഷകർ അളന്നിട്ടുണ്ട്. കാലിത്തീറ്റയുടെ അമിതമായ വിലയും തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ് മൂലവും ക്ഷീരകർഷകർ ഈ വേല ഉപേക്ഷിക്കുന്ന സാഹചര്യത്തിൽ സർക്കാർ വിഭാവനം ചെയ്യുന്ന സബ്സിഡി നൽകാത്തത് ശരിയായ നടപടിയല്ല. ധാരാളം ക്ഷീരകർഷകരുള്ള പഞ്ചായത്താണിത്. ക്ഷീരകർഷകർഷകർക്ക് പ്രോൽസാഹനം നൽകാനുതകുന്ന ഈ പദ്ധതിക്ക് ആവശ്യത്തിന് ഫണ്ട് വകയിരുത്താത്തതിന് വിശദീകരണം നല്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 16.01.2022 ൽ നല്കിയ 14ാം നമ്പർ ഓഡിറ്റ് അന്വേഷക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. കുടുതൽ ഫണ്ട് വകയിരുത്തി ക്ഷീരകർഷകർക്ക് സബ്സിഡി നല്കുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 ദുരന്ത നിവാരണ പ്രതിരോധ പ്രവർത്തനങ്ങളിൽ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ പ്രാദേശികവും സാമൂഹ്യാധിഷ്ഠിതവുമായ ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് സംബന്ധിച്ച് 01.12.2019 ലെ സ.ഉ.(കൈ) 156/2019 /ത.സ്വ.ഭവ. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ദുരന്തനിവാരണ പദ്ധതി രേഖ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയ ഒരു ഏകീകൃത ടെമ്പ്ലേറ്റ് അംഗീകരിച്ച് 14.01.2020 ലെ സ.ഉ.(കൈ) 14/2020/ത.സ്വ.ഭവ. നമ്പർ പ്രകാരം ഉത്തരവായിട്ടുമുണ്ട്.

ഈ സർക്കാർ ഉത്തരവുകൾ പ്രകാരം നിർദ്ദേശിക്കപ്പെട്ട താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1. അടിയന്തിര പ്രതികരണ ടീമിന്റെ (Emergency Response Team) രൂപീകരണം.

2. "ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം" വർക്കിങ്ങ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ.

3. ലോക്കൽ റിസോഴ്സ് ഗ്രൂപ്പ് (LRG) രൂപീകരണവും പ്രവർത്തനവും.

4. ദുരന്തനിവാരണ പദ്ധതി രൂപീകരണം, അംഗീകാരം, വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തൽ.

ഈ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടി വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 14.01.2022 ൽ നല്കിയ 9ാം നമ്പർ ഓഡിറ്റ്

അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയതിൽ സർക്കാർ നിർദ്ദേശിച്ച മേൽ സൂചിത 4 നിർദ്ദേശങ്ങൾക്കും പഞ്ചായത്തിൽ കമ്മറ്റികളും ഇ.ആർ ടി ടീമും സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഗ്രാമ പഞ്ചായത്തിൽ ദുരന്തപ്രതിരോധ പ്രവർത്തനങ്ങൾ നേരിടേണ്ട സാഹചര്യം സംജാതമായില്ലെന്നും അറിയിച്ചിട്ടുണ്ട്.

## 1-24 കേരള വാട്ടർ അതോറിറ്റിക്ക് ക്രമ വിരുദ്ധമായി-ജി.എസ്.ടി നല്കി

2019-20 സാമ്പത്തിക വർഷത്തിൽ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ 7ാം വാർഡിൽ 2 പുതിയ പൊതുടാപ്പുകൾ സ്ഥാപിക്കുന്നതിന് 28.05.2019 ൽ കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ A3-2019/6613 നമ്പർ കത്ത് പ്രകാരം 16400/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിരുന്നു. ആയതിൻ പ്രകാരം 1611/- രൂപ ജി.എസ്.ടി ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക 30.05.2019 ൽ 415828 ചെക്ക് നമ്പർ പ്രകാരം ഗ്രാമപഞ്ചായത്ത് നല്കിയിട്ടുണ്ട്. എന്നാൽ ഗവൺമെന്റ് ഓഫ് ഇന്ത്യ, മിനിസ്ട്രി ഓഫ് ഫൈനാൻസിന്റെ 28.06.2017 ലെ നോട്ടിഫിക്കേഷൻ നമ്പർ 12/2017 പ്രകാരം (Central Tax Rate ) SL No.5 Chapter 99 (Services By A Government (Central Government,State Governmennt, Union Territory, Local Self Government) Or Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayath Under Article 243G Of The Constituion Tax-NIL) പഞ്ചായത്തിന്റെ ചുമതലകൾ നിറവേറ്റുന്നതിനുള്ള ഗവൺമെന്റുകളോ, ഗവൺമെന്റ് ഏജൻസികളോ നല്കുന്ന സേവനങ്ങൾക്ക് ജി.എസ്.ടി നല്കേണ്ടതില്ല. ആയതിനാൽ ജി.എസ്.ടിയിനത്തിൽ നല്കിയ തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും നിക്ഷേപ വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 14.01.2022 ൽ നല്കിയ 7 ാം ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ക്രമവിരുദ്ധമായി നല്കിയ ജി.എസ്.ടി ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്ന് ഈടാക്കി തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-25 കെ.എസ്.ഇ.ബി യ്ക്ക് ക്രമവിരുദ്ധമായി ജി.എസ്.ടി നല്കി

2019-20 സാമ്പത്തിക വർഷത്തിൽ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ വിപണന കേന്ദ്രത്തിന് വൈദ്യുതി കണക്ഷൻ നല്കുന്നതിന് ഗ്രാമ പഞ്ചായത്ത് 15.06.2019 ൽ നല്കിയ 21557819001440ാം നമ്പർ അപേക്ഷയിൻ മേൽ കേരള സംസ്ഥാന വൈദ്യുതി ബോർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മഞ്ഞപ്ര ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം ജി.എസ്.ടി ഉൾപ്പെടെ 20,445/- രൂപയാണ് ആവശ്യപ്പെട്ടിരുന്നത്. ആയതിൽ പ്രകാരം 2,942/- രൂപ ജി.എസ്.ടി ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക 14.02.2020 ൽ 22077 ചെക്ക് നമ്പർ പ്രകാരം ഗ്രാമപഞ്ചായത്ത് നല്കിയിട്ടുണ്ട്. എന്നാൽ ഗവൺമെന്റ് ഓഫ് ഇന്ത്യ, മിനിസ്ട്രി ഓഫ് ഫൈനാൻസിന്റെ 28.06.2017 ലെ നോട്ടിഫിക്കേഷൻ നമ്പർ 12/2017 പ്രകാരം (Central Tax Rate ) SL No.5 Chapter 99 (Services By A Government (Central Government, State Government, Union Territory, Local Self Government) Or Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayath Under Article 243G Of The Constituion Tax-NIL) പഞ്ചായത്തിന്റെ ചുമതലകൾ നിറവേറ്റുന്നതിനുള്ള ഗവൺമെന്റുകളോ, ഗവൺമെന്റ് ഏജൻസികളോ നല്കുന്ന സേവനങ്ങൾക്ക് ജി.എസ്.ടി നല്കേണ്ടതില്ല. ആയതിനാൽ ജി.എസ്.ടിയിനത്തിൽ അധികമായി നല്കിയ തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും നിക്ഷേപ വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 14.01.2022 ൽ നല്കിയ 6ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ജി.എസ്.ടി തിരികെ ലഭ്യമാക്കണമെന്ന് കാട്ടി കെ.എസ്.ഇ.ബി ക്ക് 15.01.2022 ൽ നല്കിയ കത്ത് സഹിതം ലഭ്യമാക്കി. ക്രമ വിരുദ്ധമായി നല്കിയ ജി.എസ്.ടി തിരികെ ഈടാക്കി തനത് ഫണ്ടിൽ അടവാക്കി ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽസ് വിതരണം ചെയ്ത കരാറുകാരനിൽ നിന്നും ജി.എസ്.ടി ഈടാക്കിയില്ല.

ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകൾക്ക് (റോഡ് കോൺക്രീറ്റിംഗ്) ഏകീകൃതടെണ്ടർ ക്ഷണിച്ച് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. കരാർ പ്രകാരം സാധനങ്ങൾ സപ്ളൈ ചെയ്തതിന് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട GSTഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തി/വാർഡ് നം | കരാറുകാരൻ | FTOനമ്പർ . തീയതി എം ബുക്ക് നം | മെറ്റീരിയൽസിന് നൽകിയ തുക |
|---|---|---|---|---|
| 1 | കട്ടിംങ് ടവർ ലൈൻ റോഡ് നിർമ്മാണം. വാർഡ് നം 4 | ശ്രീ ജോയി.വി. കിലുക്കൽ വീട്, അയ്യമ്പുഴ | എഫ്.ടി.ഒ നം 86652 തീയതി 03.04.2021 എം ബുക്ക് നം. 170/18-19 | 165802 |

| | | | | |
|---|---|---|---|---|
| 2 | പാണ്ടു പാറ തോടിന്റെ സൈഡ് കെട്ടി സരംക്ഷണം വാർഡ് 5 | ശ്രീ ജോയി.വി. കിലുക്കൽ വീട്, അയ്യമ്പുഴ | എഫ്.ടി.ഒ നം 129202 തീയതി 16.01.2021 എം ബുക്ക് നം.158,/19-20 | 122367. |
| 3 | ലക്ഷ്മി ഭവൻ ഭാഗത്തുള്ള തോട് സൈഡ് കെട്ട്, വാർഡ് നം13 | ശ്രീ ജോയി.വി. കിലുക്കൽ വീട്, അയ്യമ്പുഴ | എഫ്.ടി.ഒ നം 75959. തീയതി 27.11.2019 എം ബുക്ക് നം 02/19-20 | 128485 |
| 4 | കട്ടകളങ്ങര ബാങ്ക് ജങ്ഷൻ മുതൽ അമലപുരം ചർച്ച് വരെ ഐെറിഷ് നിർമ്മാണം വാർഡ് നം.8 | ശ്രീ ജോയി.വി. കിലുക്കൽ വീട്, അയ്യമ്പുഴ | എഫ്.ടി.ഒ നം 85175 തീയതി എം ബുക്ക് നം 164/19-20 | 158922 |
| 5 | അയ്യമ്പുഴ തേക്ക് റോഡ് കാന നിർമ്മാണം. വാർഡ് നം,.13 | ശ്രീ ജോയി.വി. കിലുക്കൽ വീട്, അയ്യമ്പുഴ | എഫ്.ടി.ഒ നം 952 തീയതി 27.05.2020 എം ബുക്ക് നം107/19-20 | 125220 |
| 6 | പാണ്ടു പാറ തോടിന്റെ സൈഡ് കെട്ടി സരംക്ഷണം വാർഡ് 3, | ശ്രീ ജോയി.വി. കിലുക്കൽ വീട്, അയ്യമ്പുഴ | എഫ്.ടി.ഒ നം 122128 തീയതി 01.12.2020 എം ബുക്ക് നം 166/19-20 | 119730 |
| 7 | അയ്യമ്പുഴ കമ്പിപ്പടി തോട് സൈഡ് കെട്ടൽ ,വാർഡ് നം 4 | ശ്രീ ജോയി.വി. കിലുക്കൽ വീട്, അയ്യമ്പുഴ | എഫ്.ടി.ഒ നം 190418, 856738തീയതി 03.04.2021 എം ബുക്ക് നം 178/ 2019-20 | 125782 |
| 8 | ദുർബല വിഭാഗക്കാരുടെ വീടുകളുടെ സൈഡ് കെട്ടി സംരക്ഷണം വാർഡ് നം7 | ശ്രീ ജോയി.വി. കിലുക്കൽ വീട്, അയ്യമ്പുഴ | എഫ്.ടി.ഒ നം 381881 തീയതി 28.12.2019 എം ബുക്ക് നം18/19-20 | 103633 |
| ആകെ | | | | 1049941 |

2018-19 സാമ്പത്തിക വർഷത്തിൽ എഗ്രിമെന്റ് വെച്ചിട്ടുള്ളതും 2019-20 ൽ തുക കൈമാറിയതുമായ പദ്ധതികളുടെ വിവരവും ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി/വാർഡ് നം | കരാറുകാരൻ/ | FTO നമ്പർ. തീയതി എം ബുക്ക് നം | മെറ്റീരിയൽസിന് നൽകിയ തുക |
|---|---|---|---|---|
| 1 | ചിന്നു രാമൻകുട്ടി റോഡ് കെട്ടി സംരക്ഷണം വാർഡ് നം.5 | ശ്രീ ജോയി.വി. കിലുക്കൽ വീട്, അയ്യമ്പുഴ | എഫ്.ടി.ഒ നം 606956 തീയതി 03.07.2019 എം ബുക്ക് നം. 164/18-19 | 9355 |
| 2 | മൃഗാശുപത്രി പരിസരം സൈഡ് കെട്ടൽ വാർഡ് 9 | ശ്രീ ജോയി.വി. കിലുക്കൽ വീട്, അയ്യമ്പുഴ | എഫ്.ടി.ഒ നം 7572 തീയതി 27.11.2019 എം ബുക്ക് നം.130/18-19 | 88994 |
| 3 | കട്ടിംങ് കുന്തിരി റോഡ് സൈഡ് സംരക്ഷണം. വാർഡ് 4 | ശ്രീ ജോയി.വി. കിലുക്കൽ വീട്, അയ്യമ്പുഴ | എഫ്.ടി.ഒ നം 606956തീയതി 27.11.2019 എം ബുക്ക് നം.120/18-19 | 82960 |
| 4 | അയ്യമ്പുഴ കമ്പിപ്പടി തോട് സൈഡ് കെട്ടൽ വാർഡ് 13 | ശ്രീ ജോയി.വി. കിലുക്കൽ വീട്, അയ്യമ്പുഴ | എഫ്.ടി.ഒ നം 606812 തീയതി 03.07.2019 എം ബുക്ക് നം.112/18-19 | 96492. |
| | ആകെ | | | 277801 |

മേൽപ്പറഞ്ഞ പദ്ധതികൾക്ക് ഏകീകൃത ടെണ്ടർ പ്രകാരം (1049941 +277801) 1327742/- രൂപ കരാറുകാന് നല്കിയിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും 2% ജി.എസ്.ടി തുകയായ 26555/- രൂപ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിനായി ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 20.01.2022 ൽ നല്കിയ 22ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. മേൽ പ്രവൃത്തികളിൽ നിന്ന് ഈടാക്കേണ്ടതായ ജി.എസ്.ടി ബന്ധപ്പെട്ട കരാറുകാരനിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ

അടവാക്കേണ്ടതാണ്.

## 1-27 സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധിക തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ് 0026/2019-20, വനിതകൾക്ക് പെണ്ണാട് വിതരണം (ജനറൽ) |
| അടങ്കൽ ഫണ്ട് | 200000/-വികസന ഫണ്ട് (പൊതുവിഭാഗം)<br>200000/- ഗുണഭോക്തൃവിഹിതം |
| ബിൽ നം, തീയതി, ചെലവ് | 11/19-20, 14.11.2019, 100000<br>14/19-20, 19.11.2019, 60000<br>17/20 30.03.2020, 10000<br>ആകെ ചെലവ് വികസന ഫണ്ട്- 170000<br>ഗുണഭോക്തൃവിഹിതം 170000 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ അയ്യമ്പുഴ |

ഗ്രാമപഞ്ചായത്തിലെ പൊതുവിഭാഗക്കാരായ വനിതകൾക്ക് ഓരോ ഗുണഭോക്താവിനും 2 പെണ്ണാട് വീതം വാങ്ങി വിതരണം ചെയ്യുകയാണ് പ്രോജക്ടിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും. പ്രോജക്ട് പ്രകാരം ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിർവ്വഹണോദ്യോഗസ്ഥൻ 10 ഗുണഭോക്താക്കളുടെ ഗുണഭോക്തൃവിഹിതം നേരിട്ട് വാങ്ങുകയും ആയത് പഞ്ചായത്തിൽ അടവാക്കുകയും 25.11.2019 ൽ 2664701 ചെക്ക് നമ്പർ പ്രകാരം 100000 രൂപ പഞ്ചായത്തിൽ നിന്ന് വാങ്ങി ആട് വിതരണം ചെയ്ത വ്യക്തിക്ക് നല്കിയിട്ടുണ്ട്. ബാക്കിയുള്ള 7 ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം നേരിട്ട് നല്കുകയാണ് ചെയ്തത്. ആയത് കൈപ്പറ്റിയതിന്റെ രസീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ഹാജരാക്കിയ ചെലവ് രേഖയിൽ ഗുണഭോക്തൃവിഹിതം 120000/- രൂപ ചെലവഴിച്ചുവെന്നാണ്. 20000/- രൂപ ആട് വിതരണം ചെയ്ത വ്യക്തിക്ക് നല്കിയതിന്റെ വിവരം ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്ന് അന്വേഷണക്കുറിപ്പിൽ ആവശ്യപ്പെട്ടെങ്കിലും രേഖ ഹാജരാക്കിയില്ല.

മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി & എറണാകുളം ജില്ലാ കളക്ടറുടെ 20.03.2020 ഉത്തരവ് നം 61139/20/ഡി.പി.സി/ഡി.പി.ഒ/ഇ.കെ.എം പ്രകാരം 2019-20ലെ ജില്ലാതല യൂണിറ്റ് കോസ്റ്റ് നിർണ്ണയിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം മൃഗസംരക്ഷണ മേഖലയിൽ ക്രമ നം C (3) പ്രകാരം ആട് (മലബാറി 1 വയസ്സ്, 20 KG And Above) ഒരു ആടിന് യൂണിറ്റ് കോസ്റ്റായി നിർണ്ണയിച്ചിട്ടുള്ളത് 8000/- രൂപയാണ്. 14.02.2018 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (കൈ) നം 22/2018 പ്രകാരം പൊതുവിഭാഗത്തിന് പരമാവധി 50% സബ്സിഡിയോടെ നല്കാമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഈ പദ്ധതി നടപ്പാക്കിയതു വഴി 34000/- രൂപ പ്ലാൻ ഫണ്ടിൽ നിന്ന് അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. വിശദവിവരങ്ങൾ ഭാഗം 3-2 ൽ ചേർത്തിട്ടുണ്ട്.

## 1-28 അനുപൂരക പോഷകാഹാരപദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന് ബാധകമല്ലാത്ത ജി.എസ്.ടി ചുമത്തിയത് മൂലം അധിക ചെലവ്

ഐ.സി.ഡി.എസ് സൂപ്പർവൈസർ 2019-20 വർഷം നടപ്പിലാക്കിയ അനുപൂരക പോഷകാഹാര പദ്ധതിയുടെ (പ്രോജക്ട് നം-30/2020) ഭാഗമായി അംഗൻവാടികളിൽ അമൃതം ന്യൂട്രിമിക്സ് (കി.ഗ്രാമിന് 70 രൂപ നിരക്കിൽ) വിതരണം ചെയ്തത് മുദ്ദല ഫുഡ് പ്രോഡക്ട്സ് എന്ന സ്ഥാപനമാണ്. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017 ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate) ലെ ക്രമ നം. 66 ക്ലോസ് (B) (Ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അംഗൻവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അംഗൻവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്നകാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന്റെ ബില്ല് പരിശോധിച്ചതിൽ, അമൃതം ന്യൂട്രിമിക്സിന്റെ വിലയോടൊപ്പം 5% ജി.എസ്.ടി ചുമത്തിയിട്ടുണ്ട്. ചെലവിന്റെ വിശദവിവരങ്ങൾ താഴെകൊടുക്കുന്നു.

ബിൽ നം- 03/2019-20 Rs.205443/-c/o Dtd 12/11/2019

ചെക്ക് നം -495253 Dtd 17/03/2020 Rs.238281/-

| ക്രമ നം | ന്യൂട്രിമിക്സിന്റെ ബിൽ നം | ന്യൂട്രിമിക്സിന്റെ വില | ചുമത്തിയ ജി.എസ്.ടി |
|---|---|---|---|
| 1 | 18/20.05.2019 | 34020 | 1700.00 |
| 2 | 35/05.07.2019 | 33600 | 1680.00 |
| 3 | 57/18.09.2019 | 37380 | 1869.00 |

| | | | |
|---|---|---|---|
| 4 | 45/07.08.2019 | 35490 | 1774.00 |
| 5 | 006/11.04.2019 | 34020 | 1700.00 |
| 6 | 069/19.10.19 | 34860 | 1743.00 |
| 7 | 081/23.11.2019 | 34230 | 1710.00 |
| 8 | 093/23.12.2019 | 34650 | 1732.00 |
| 9 | 104/21.01.2020 | 41160 | 2058.00 |
| 10 | 107/19.02.2020 | 41160 | 2058.00 |
| | Total | | 18024.00 |

അംഗൻവാടി ഭക്ഷണവിതരണത്തിന് ബാധകമല്ലാത്ത ജി.എസ്.ടി കൂടി ഉൾപ്പെട്ട തുക വിതരണ സ്ഥാപനത്തിന് നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും 18024 രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021 നമ്പർ സർക്കുലറിൽ അംഗൻവാടി പോഷകാഹാര വിതരണത്തെ 28/06/2017 ലെ ജി.എസ്.ടി നോട്ടിഫിക്കേഷൻ പ്രകാരം തന്നെ ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ നൽകിയ ജി.എസ്.ടി റീഫണ്ടായി വിതരണക്കാർക്ക് ലഭിക്കുന്നതിന് സാധ്യതയുണ്ട്. ജി.എസ്.ടി റീഫണ്ട് ലഭിക്കുന്നമുറക്ക് ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-29 വീട് വാസയോഗ്യമാക്കൽ -അഡ്വാൻസ് കൈപ്പറ്റിയിട്ടും അറകുറ്റപ്പണികൾ പൂർത്തിയാക്കിയില്ല.

പ്രോജക്ട് നം. : 19/21

അടങ്കൽ : 11,00,000/-( പ്ലാൻ ഫണ്ട് - General )

ചെലവ് : 838979/-

വി.ഇ.ഒ അയ്യമ്പുഴ നടപ്പിലാക്കിയ വീട് വാസയോഗ്യമാക്ക ൽ (പൊതുവിഭാഗം ) എന്ന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ പൊതുവിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് വീട് അറ്റകുറ്റപ്പണികൾക്കായി രണ്ട് തവണകളായി പരമാവധി 50,000രൂപ ധനസഹായം നൽകിയിട്ടുണ്ട്. പദ്ധതി ഫയൽ പരിശോധിച്ചതിൽ ശ്രീ.രാജൻ,പ്ലാപ്പിള്ളി ഹൌസ്,അയ്യമ്പുഴ എന്ന ഗുണഭോക്താവ് പദ്ധതി ധനസഹായത്തിൽ നിന്നും 25,000രൂപ അഡ്വാൻസ് തുക ട്രഷറി ബിൽ നം. 07/2019-20 Dtd 23.10.2019 Rs.175000/- പ്രകാരം കൈപ്പറ്റിയെങ്കിലും രണ്ട് വർഷത്തിനുശേഷവും അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ വാല്വേഷൻ ഹാജരാക്കിയിട്ടില്ല.ഗുണഭോക്താവ് തുക കൈപ്പറ്റിയിട്ടും ഇതുവരെ പ്രവർത്തി നടത്തിയതിന്റെ രേഖകൾ ഹാജരാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി ( No-19 തി.19/01/2022) നൽകിയത് പ്രകാരം ഗുണഭോക്താവ് 17173 രൂപയുടെ പ്രവർത്തികൾ ചെയ്തതായി വാല്യവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട്. 25,000 രൂപ അഡ്വാൻസ് കൈപ്പറ്റി രണ്ട് വർഷത്തിനുശേഷവും ഗുണഭോക്താവ് 17173 രൂപയുടെ മാത്രം പ്രവർത്തികൾ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ബാക്കി തുകയായ 7827 രൂപ തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ചെലവ് തടസപ്പെടുത്തുന്നു.

1-30 തൊഴിലുറപ്പ് പദ്ധതി -ടെണ്ടർ നടപടികൾ സ്വീകരിച്ചതിലെ അപാകതകൾ

1) തൊഴിലുറപ്പ് പദ്ധതികൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുന്നത് ആവശ്യകത നിർണ്ണയം നടത്താതെയും എസ്റ്റിമേറ്റ് തയ്യാറാക്കാതെയുമാണ്. ടെണ്ടർ ഫയൽ പരിശോധിച്ചതിൽ 2019-20 വർഷത്തിൽ 110 ഇനങ്ങൾക്കായി ആകെ 6563258 രൂപയുടെ മെറ്റീരിയൽ സപ്ലൈയ്ക്കുള്ള ടെണ്ടറാണ് ക്ഷണിച്ചിട്ടുള്ളത്. എന്നാൽ കേവലം 8 മെറ്റീരിയൽ വർക്ക് മാത്രമേ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ളൂ. ഇതിനായി ആകെ ചെലവ് 1049941/- രൂപ മാത്രമാണ്.

2) 500000 ലക്ഷത്തിനുമേൽ ചെലവ് വരുന്ന പ്രവൃത്തികൾക്കെല്ലാം ഇ-ടെണ്ടർ ക്ഷണിക്കണമെന്ന് സർക്കാർ നിർദ്ദേശമുള്ളപ്പോൾ 6563258 രൂപ ചെലവ് വരുന്ന പദ്ധതിക്ക് ഇ ടെണ്ടർ ക്ഷണിച്ചതായി കാണുന്നില്ല.

3) കരാറുകാരൻ കരാർ തുകയുടെ 0.1% മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമച്ചിട്ടില്ല. 200രൂപയുടെ മൂല്യമുള്ള മുദ്രപത്രത്തിലാണ് കരാർ ചമച്ചിട്ടുള്ളത്.

4)മെറ്റീരിയൽ സപ്ലൈ ചെയ്യുവാൻ ടെണ്ടർ നല്കുന്ന കരാറുകാരുടെ ടെണ്ടർ ഓരോ ഇനവും വെവ്വേറെ താരതമ്യം ചെയ്ത് നോക്കാതെ അകെ തുകയിൽ ആരാണോ കുറവ് രേഖപ്പെടുത്തിയിട്ടുള്ളത് അദ്ദേഹത്തിന് കരാർ നല്കുന്ന രീതിയാണ് പഞ്ചായത്തിൽ അവലംബിച്ചിട്ടുള്ളത്.

5) കരാറുകാർ സപ്ലൈ ചെയ്യുന്ന മെറ്റീരിയൽ സ്റ്റാക്ക് ചെയ്ത് അതിന്റെ അളവ് എം ബുക്കിൽ രേഖപ്പെടുത്താത്തതിനാൽ വിവിധ പദ്ധതികൾക്കായി സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ അളവ് കൃത്യമായി നിർണ്ണയിക്കുവാൻ സാധിക്കുന്നില്ല.

മേൽ പരാമർശിച്ചിട്ടുള്ള വിഷയങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട്

20.01.2022ൽ നല്കിയ 21ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് തൊഴിലുറപ്പ് പദ്ധതികൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുന്നത് ആവശ്യകത നിർണ്ണയം നടത്താതെയും എസ്റ്റിമേറ്റ് തയ്യാറാക്കാതെയുമാണ് എന്നതിന് പ്രവൃത്തികൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുമെന്നതിനാലാണെന്നാണ് മറുപടി ലഭ്യമാക്കിയത്. ക്രമ നം 2 ന് രണ്ട് തവണ ടെണ്ടർ നപടികൾ സ്വീകരിച്ചിട്ടുപോലും മെറ്റീരിയൽ സപ്ലൈ ചെയ്യുവാൻ ആരുമില്ലാത്തതിനാലാണ് ഇ-ടെണ്ടർനനടപടി സ്വീകരിക്കാതിരുന്നതെന്നും മറുപടി ലഭ്യമാക്കി. ക്രമ നം 3 ന് കരാർ പ്രവൃത്തികൾക്കാണ് 0.1 മൂല്യമുള്ള മുദ്രപേപ്പറിൽ കരാർ വെയ്ക്കേണ്ടതെന്നും സാധന സാമഗ്രികൾ മാത്രം സപ്ലൈ ചെയ്യുന്നതിനാലാണ് 200 രൂപയുടെ മുദ്ര പേപ്പറിൽ കരാർ വെച്ചതെന്നും മറുപടി ലഭ്യമാക്കി സാധന സാമഗ്രികൾ സപ്ലൈ ചെയ്യുന്ന പ്രവൃത്തിയാണെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുള്ളതിനാലാണ് നിശ്ചിത മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ വെയ്ക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. ആയത് പാലിക്കേണ്ടതാണ്. ക്രമ നം 4 ന് ടെണ്ടർ ചെയ്ത എല്ലാ പ്രവൃത്തികളും ഏറ്റെടുത്ത് നടപ്പിലാക്കുവാൻ കഴിയാതിരുന്നതിനാലാണ് ടെണ്ടർ തുക മൊത്തത്തിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയ കരാറുകാരന് കരാർ നല്കിയതെന്ന് മറുപടി ലഭ്യമാക്കി. മെറ്റീരിയൽ സപ്ലൈ ചെയ്യുവാ

1) തൊഴിലുറപ്പ് പദ്ധതികൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുന്നത് ആവശ്യകത നിർണ്ണയം നടത്താതെയും എസ്റ്റിമേറ്റ് തയ്യാറാക്കാതെയുമാണ്. ടെണ്ടർ ഫയൽ പരിശോധിച്ചതിൽ 2019-20 വർഷത്തിൽ 110 ഇനങ്ങൾക്കായി ആകെ 6563258 രൂപയുടെ മെറ്റീരിയൽ സപ്ലൈയ്ക്കുള്ള ടെണ്ടറാണ് ക്ഷണിച്ചിട്ടുള്ളത്. എന്നാൽ കേവലം 8 മെറ്റീരിയൽ വർക്ക് മാത്രമേ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ളൂ. ഇതിനായി ആകെ ചെലവ് 1049941/- രൂപ മാത്രമാണ്.

2) 500000 ലക്ഷത്തിനുമേൽ ചെലവ് വരുന്ന പ്രവൃത്തികൾക്കെല്ലാം ഇ-ടെണ്ടർ ക്ഷണിക്കണമെന്ന് സർക്കാർ നിർദ്ദേശമുള്ളപ്പോൾ 6563258 രൂപ ചെലവ് വരുന്ന പദ്ധതിക്ക് ഇ ടെണ്ടർ ക്ഷണിച്ചതായി കാണുന്നില്ല.

3) കരാറുകാരൻ കരാർ തുകയുടെ 0.1% മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമച്ചിട്ടില്ല. 200രൂപയുടെ മൂല്യമുള്ള മുദ്രപത്രത്തിലാണ് കരാർ ചമച്ചിട്ടുള്ളത്.

4)മെറ്റീരിയൽ സപ്ലൈ ചെയ്യുവാൻ ടെണ്ടർ നല്കുന്ന കരാറുകാരുടെ ടെണ്ടർ ഓരോ ഇനവും വെവ്വേറെ താരതമ്യം ചെയ്ത് നോക്കാതെ അകെ തുകയിൽ ആരാണോ കുറവ് രേഖപ്പെടുത്തിയിട്ടുള്ളത് അദ്ദേഹത്തിന് കരാർ നല്കുന്ന രീതിയാണ് പഞ്ചായത്തിൽ അവലംബിച്ചിട്ടുള്ളത്.

5) കരാറുകാർ സപ്ലൈ ചെയ്യുന്ന മെറ്റീരിയൽ സ്റ്റാക്ക് ചെയ്ത് അതിന്റെ അളവ് എം ബുക്കിൽ രേഖപ്പെടുത്താത്തതിനാൽ വിവിധ പദ്ധതികൾക്കായി സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ അളവ് കൃത്യമായി നിർണ്ണയിക്കുവാൻ സാധിക്കുന്നില്ല.

മേൽ പരാമർശിച്ചിട്ടുള്ള വിഷയങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 20.01.2022ൽ നല്കിയ 21ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് തൊഴിലുറപ്പ് പദ്ധതികൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുന്നത് ആവശ്യകത നിർണ്ണയം നടത്താതെയും എസ്റ്റിമേറ്റ് തയ്യാറാക്കാതെയുമാണ് എന്നതിന് പ്രവൃത്തികൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുമെന്നതിനാലാണെന്നാണ് മറുപടി ലഭ്യമാക്കിയത്. ക്രമ നം 2 ന് രണ്ട് തവണ ടെണ്ടർ നപടികൾ സ്വീകരിച്ചിട്ടുപോലും മെറ്റീരിയൽ സപ്ലൈ ചെയ്യുവാൻ ആരുമില്ലാത്തതിനാലാണ് ഇ-ടെണ്ടർനനടപടി സ്വീകരിക്കാതിരുന്നതെന്നും മറുപടി ലഭ്യമാക്കി. ക്രമ നം 3 ന് കരാർ പ്രവൃത്തികൾക്കാണ് 0.1 മൂല്യമുള്ള മുദ്രപേപ്പറിൽ കരാർ വെയ്ക്കേണ്ടതെന്നും സാധന സാമഗ്രികൾ മാത്രം സപ്ലൈ ചെയ്യുന്നതിനാലാണ് 200 രൂപയുടെ മുദ്ര പേപ്പറിൽ കരാർ വെച്ചതെന്നും മറുപടി ലഭ്യമാക്കി സാധന സാമഗ്രികൾ സപ്ലൈ ചെയ്യുന്ന പ്രവൃത്തിയാണെങ്കിലും കരാറിൽ ഏർപ്പെട്ടിട്ടുള്ളതിനാലാണ് നിശ്ചിത മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ വെയ്ക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. ആയത് പാലിക്കേണ്ടതാണ്. ക്രമ നം 4 ന് ടെണ്ടർ ചെയ്ത എല്ലാ പ്രവൃത്തികളും ഏറ്റെടുത്ത് നടപ്പിലാക്കുവാൻ കഴിയാതിരുന്നതിനാലാണ് ടെണ്ടർ തുക മൊത്തത്തിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയ കരാറുകാരന് കരാർ നല്കിയതെന്ന് മറുപടി ലഭ്യമാക്കി. മെറ്റീരിയൽ സപ്ലൈ ചെയ്യുവാൻ ടെണ്ടർ നല്കുന്ന കരാറുകാരുടെ ടെണ്ടർ ഓരോ ഇനവും വെവ്വേറെ താരതമ്യം ചെയ്യേണ്ടതും ഏറ്റവും കുറവ് തുക രേഖപ്പെടുത്തുന്ന വ്യക്തിക്ക് മെറ്റീരിയൽ സപ്ലൈ ചെയ്യുവാൻ ഓർഡർ നല്കേണ്ടതുമാണ്. ക്രമ നം 5 കരാറുകാർ സപ്ലൈ ചെയ്യുന്ന മെറ്റീരിയൽ സ്റ്റാക്ക് ചെയ്ത് അതിന്റെ അളവ് എം ബുക്കിൽ രേഖപ്പെടുത്തിക്കൊള്ളാമെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. തുടർ വർഷങ്ങളിൽ മേൽ സൂചിത പരാമർശങ്ങളിലേക്ക് അടിയന്തര ശ്രദ്ധ പതിപ്പിക്കേണ്ടതും നടപ്പിൽ വരുത്തേണ്ടതുമാണ്.

1-31 മരാമത്ത് പ്രവൃത്തികൾ- പൊതുന്യൂനതകൾ:-

ഗ്രാമപഞ്ചായത്തിലെ അസി . എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) പ്രവൃത്തികൾ ടെണ്ടർ നൽകുന്നതുമായി ബന്ധപ്പെട്ടുള്ള പ്രിലിമിനറി എഗ്രിമെന്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതെ ബ്ലാങ്ക് സ്റ്റാമ്പ് പേപ്പർ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

(2) ടെണ്ടർ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

(I) ടെണ്ടർ തുറക്കുന്ന അവസരത്തിൽ സന്നിഹിതരായിട്ടുള്ള കരാറുകാരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(Ii) ഇഎംഡി തുക, രസീത് നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തുന്നില്ല

(Iii) ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാന വിവരം രേഖപ്പെടുത്തുന്നില്ല.

(3) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(4) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(5) കരാറുകാർക്ക് നൽകുന്ന സെലക്ഷൻ നോട്ടീസിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

(6) പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

(7)ഭൂരിഭാഗം ഫയലുകളിലും പ്രവൃത്തികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/20-21/19.1.22) നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-32 കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല.

കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്ട്, 1996 പ്രകാരം പ്രവൃത്തികളിൽ കിഴിവ് വരുത്തുന്ന KBOCWW ഇനത്തിലുള്ള തുകയുടെ 1%തുക തദ്ദേശ സ്ഥാപനത്തിന് കളക്ഷൻ ചാർജ്ജായി ലഭിക്കുന്നതാണ്. എന്നാൽ ഇത്തരത്തിലൊരു കളക്ഷൻ ചാർജ് നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്നും ഓഡിറ്റ് വർഷം ഈടാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6/20-21 /15.1.21) അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കളക്ഷൻ ചാർജ്ജ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-33 ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില അസി.എഞ്ചിനിയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ ഏതു ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്കും, ജി.എസ്.ടി തുക ബന്ധപ്പെട്ട ഹെഡിലേയ്ക്കും തിരിച്ചടയ്ക്കേണ്ടതാണ്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/20-21/15.1.21) അസി. എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ ടി തുകകൾ ബന്ധപ്പെട്ട ഹെഡുകളിൽ അടയ്ക്കുന്നതിന് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് ടി ഇനത്തിൽ നൽകിയ തുക കണക്കാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധിക തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നം, പേര് | എസ് 0026/2019-20,വനിതകൾക്ക് പെണ്ണാട് വിതരണം (ജനറൽ) |
| അടങ്കൽ ഫണ്ട് | 200000/-വികസന ഫണ്ട് (പൊതുവിഭാഗം)<br>200000/- ഗുണഭോക്തൃവിഹിതം |
| ബിൽ നം, തീയതി, ചെലവ് | 11/19-20, 14.11.2019, 100000<br>14/19-20, 19.11.2019, 60000<br>17/20 30.03.2020, 10000<br>ആകെ ചെലവ് വികസന ഫണ്ട്- 170000<br>ഗുണഭോക്തൃവിഹിതം 170000 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ അയ്യമ്പുഴ |

ഗ്രാമപഞ്ചായത്തിലെ പൊതുവിഭാഗക്കാരായ വനിതകൾക്ക് ഓരോ ഗുണഭോക്താവിനും 2 പെണ്ണാട് വീതം വാങ്ങി വിതരണം ചെയ്യുകയാണ് പ്രോജക്ടിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും. പ്രോജക്ട് പ്രകാരം ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിർവ്വഹണോദ്യോഗസ്ഥൻ 10 ഗുണഭോക്താക്കളുടെ ഗുണഭോക്തൃവിഹിതം നേരിട്ട് വാങ്ങുകയും ആയത് പഞ്ചായത്തിൽ അടവാക്കുകയും 25.11.2019 ൽ 2664701 ചെക്ക് നമ്പർ പ്രകാരം 100000 രൂപ പഞ്ചായത്തിൽ നിന്ന് വാങ്ങി ആട് വിതരണം ചെയ്ത വ്യക്തിക്ക് നല്കിയിട്ടുണ്ട്. ബാക്കിയുള്ള 7 ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം നേരിട്ട് നല്കുകയാണ് ചെയ്തത്. ആയത് കൈപ്പറ്റിയതിന്റെ രസീത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ഹാജരാക്കിയ ചെലവ് രേഖയിൽ ഗുണഭോക്തൃവിഹിതം 120000/- രൂപ ചെലവഴിച്ചുവെന്നാണ്. 20000/- രൂപ ആട് വിതരണം ചെയ്ത വ്യക്തിക്ക് നല്കിയതിന്റെ വിവരം ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്ന് അന്വേഷണക്കുറിപ്പിൽ ആവശ്യപ്പെട്ടെങ്കിലും രേഖ ഹാജരാക്കിയില്ല.

2019-20ലെ ജില്ലാതല യൂണിറ്റ് കോസ്റ്റ് പ്രകാരം മൃഗസംരക്ഷണ മേഖലയിൽ ക്രമ നം C (3) പ്രകാരം ആട് (മലബാറി 1 വയസ്സ് ,20 KG And Above ) ഒരു ആടിന് യൂണിറ്റ് കോസ്റ്റായി നിർണ്ണയിച്ചിട്ടുള്ളത് 8000 രൂപയാണ്. 14.02.2018 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (കൈ) നം 22/2018 പ്രകാരം പൊതുവിഭാഗത്തിന് പരമാവധി 50% സബ്സിഡിയോടെ നല്കാമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

ജില്ലാതല യുണിറ്റ് കോസ്റ്റ് പ്രകാരം ഒരു ആടിന് 50% സബ്സിഡി നിരക്കിൽ 4000/- രൂപ മാത്രമേ അനുവദിക്കാവുവെന്നിരിക്കേ നിർവ്വഹണോദ്യോഗസ്ഥൻ ഒരാടിന് 5000/- രൂപ സബ്സിഡിയായി നല്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 17ഗുണഭോക്താക്കൾക്ക് രണ്ട് ആട് വീതം ഗുണഭോക്തൃ വിഹിതം ഉൾപ്പടെ (17*2=34, 34*5000=170000) 10000/-ആനുകൂല്യം നല്കിയിട്ടുണ്ട്. എന്നാൽ യഥാർത്ഥത്തിൽ നല്കേണ്ടിയിരുന്നത് 8000 രൂപ വീതം (34*4000=136000 ) 272000 രൂപ മാത്രമാണ്. ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്താതെ തന്നെ വികസന ഫണ്ടിൽ നിന്ന് 34000/- രൂപ ഈ പദ്ധതി നടത്തിപ്പിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. പരിശോധിച്ച് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 16.01.2022 ൽ നല്കിയ 13ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ പദ്ധതിക്കായി അധികമായി ചെലവഴിച്ച 34000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1320800 | ക്രിമിറ്റോറിയം | 0 | 1320800 |
| | 2018-19(OB)<br>2019-20 | 31856<br>1426800 | ലൈഫ് – Project No-22/2020 | 452266 | 1006390 |
| | 2019-20 | 200000 | സ്കോളർഷിപ്പ്-31/2020 | 200000 | |
| ആകെ | | | | 652266 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1380000 | ലൈഫ് ഭവനം-P-24,26 &53/2021 | 900000 | 480000 |
| ആകെ | | | | 900000 | |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വാട്ടർകണക്ഷൻ | 21900110/30.05.2019 | 16400 | 0 | 16400 |
| | ആകെ | | 16400 | 0 | 16400 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല..

## 4-5 വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 100000 രൂപ വരവുണ്ട്. 2019-20 വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| വായ്പ-ലൈഫ് ഭവനനിർമ്മാണം | ജിഒ(എംഎസ്) 6105/2019/fin. Dt.01.08.2019 | 100000 | 2000000 | 382353 | 0 | 1717647 | |

ലോൺ (ലൈഫ് ഭവനപദ്ധതി) പൊതുവിഭാഗത്തിൽ 279412/-രൂപയും ലോൺ (ലൈഫ് ഭവനപദ്ധതി) എസ്.സി വിഭാഗത്തിൽ 102941/-രൂപയും ഉൾപ്പെടെയുള്ള ജി.ഒ പ്രൊജക്ടുകൾക്കുവേണ്ടി മാറ്റിയ തുകയാണ് ലൈഫ് ഭവന വായ്പ തിരിച്ചടവായി ചേർത്തിരിക്കുന്നത്.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 & 2015-16 | 2-1, 2-2(a), 2-2(b) | 2016-17 | 2-2, 2-1 | തൊഴിൽ നികുതി, വസ്തു നികുതി | 2-2(a) BSNL ന്റെ കത്ത് ലഭ്യമാക്കിയിട്ടുണ്ട് ബാക്കി പരാമർശ ങ്ങളിൽ തുക ഒടുക്കിയിട്ടുണ്ട്. |

## 4-9 ചാർജ് സർച്ചാർജ്ജുകളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 49486026.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 48797817.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 34000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1049860 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 34000 | ശ്രീ.ജോമോൻ ചെറിയാൻ<br>വെറ്റിനറി സർജൻ |
| ആകെ | - | 34000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ<br>പേരും ഉദ്യോഗപ്പേരും | സ്ഥിരമായ മേൽവിലാസം |
|---|---|---|---|
| 1-17 | 932033 | അസി: എഞ്ചിനീയർ<br>ജിജി.പി.സ് | |
| 1-21 | 110000 | ഡോ. സെറിൻ കര്യാക്കോസ്<br>മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി.അയ്യമ്പുഴ | കോട്ടക്കൽ വീട് ,മേക്കാട്.പി.ഒ അങ്കമാലി എറണാകുളം |
| 1-29 | 7827 | ശ്രീ.മുകൾ.എസ്.വി<br>വി.ഇ.ഒ അയ്യമ്പുഴ | ഇളവംകടി വീട്,വെങ്ങോല.പി.ഒ പെരുമ്പാവൂർ,എറണാകുളം |
| ആകെ | 1049860 | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | എസ്.ജി.എസ്.ടി | സി.ജി.എസ്.ടി | ആദായ നികുതി | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരമായ മേൽവിലാസം |
|---|---|---|---|---|---|
| 1-26 | 13277.50 | 13277.50 | | ശ്രീ.ഷാജൻ സെക്രട്ടറി | അത്തപ്പിള്ളി വീട് വെള്ളാരപ്പിള്ളി.പി.ഒ ശ്രീമൂലനഗരം |
| ആകെ | 13277.50 | 13277.50 | | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ശ്രീ.ജോമോൻ ചെറിയാൻ വെറ്റിനറി സർജൻ | വെറ്റിനറി സർജൻ | കോട്ടക്കൽ വീട്,അങ്കമാലി സൗത്ത്.പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

.

| ഓഡിറ്റ് വർഷം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|---|
| 1996-97 | 1 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(1) തീ.04.07.19 |
| 1997-98 | 12 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(2) തീ.04.07.19 |
| 1998-99 | 9 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(3) തീ.04.07.19 |
| 1999-2000 | 2 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(4) തീ.04.07.19 |
| 2000-01(ചെലവ്) | 3 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(5) തീ.04.07.19 |
| 2001-02(ചെലവ്) | - | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(6) തീ.04.07.19 |
| 2001-2002 (വരവ്) | 1 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(6) തീ.04.07.19 |
| 2002-03 | 4 | ലോൺ (ലൈഫ് ഭവനപദ്ധതി) പൊതുവിഭാഗത്തിൽ 279412/-രൂപയും ലോൺ (ലൈഫ് ഭവനപദ്ധതി) എസ്.സി വിഭാഗത്തിൽ 102941/-രൂപയും ഉൾപ്പെടെയുള്ള ജി.ഒ പ്രൊജക്ടുകൾക്കുവേണ്ടി മാറ്റിയ തുകയാണ് ലൈഫ് ഭവന വായ്പ തിരിലോൺ (ലൈഫ് ഭവനപദ്ധതി) പൊതുവിഭാഗത്തിൽ 279412/-രൂപയും ലോൺ (ലൈഫ് ഭവനപദ്ധതി) എസ്.സി |
| 2003-04 | 11 | |
| 2004-05 | 2 | |
| 2005-06 | 5 | |

| | | |
|---|---|---|
| | | വിഭാഗത്തിൽ 102941/-രൂപയും ഉൾപ്പെടെയുള്ള ജി.ഒ പ്രൊജക്റ്റുകൾക്കുവേണ്ടി മാറ്റിയ തുകയാണ് ലൈഫ് ഭവന വായ്പ തിരിച്ചടവായി ചേർത്തിരിക്കുന്നത്. ച്ചടവായി ചേർത്തിരിക്കുന്നത്. |
| 2006-07 | 13 | |
| 2007-08,2008-09, 2009-10& 2010-11 | 13 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(7) തീ.04.07.19 |
| 2011-12 | 5 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(8) തീ.04.07.19 |
| 2012-13 & 2013-14 | 3 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(9) തീ.04.07.19 |
| 2014-15 | 1 | കെ.എസ്.എ.-ഇ.കെ.എം(പി4) 1211/2019(10) തീ.04.07.19 |
| 2015-16 | 3 | |
| 2016-17 | 6 | |
| 2017-18 | 14 | കെ.എസ്.എ.-ഇ.കെ.എം(പി4) 297/2019 / 01.03.2019 |
| 2018-19 | 14 | കെ.എസ്.എ.-ഇ.കെ.എം(പി4) 218/2020/ 07.03.2020/12.03.2020 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്